നം.കെ.എസ്.എ.പിറ്റിഎ.പി**4-128/2019** തീയതി**: 2.3.2019**

**പത്തനംതിട്ട ജില്ലയിലെ നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കത പദ്ധതി വിഹിതം, മറ്റ ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 1.7.2017മുതൽ 29.1.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ. ഹബീബ് മുഹമ്മദ്,<br>ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 30.01.2019 മുതൽ 08.02.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം | ശ്രീ. ജോർജ്ജ് പി മാത്യു, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. അരുൺ.എസ്.നായർ, അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. അരുൺകുമാർ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി രാജശ്രീ.സി.ആർ, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ.സുനിൽകുമാർ കെ.ജി | 1.4.2017 മുതൽ 31.3.2018വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. എം ഗോപകുമാർ | 1.4.2017 മുതൽ 24.6.2017വരെ |
| ശ്രീ. ഉണ്ണികൃഷ്ണൻ.ആർ (ഹെഡ് ക്ലർക്ക്- ചാർജ്) | 25.6.2017മുതൽ 30.6.2017വരെ |
| ശ്രീ. സന്തോഷ് കുമാർ പി ബി | 1.7.2017മുതൽ 7.9.2017വരെ |
| ശ്രീ. ഉണ്ണികൃഷ്ണൻ.ആർ (ഹെഡ് ക്ലർക്ക്- ചാർജ്) | 8.9.2017മുതൽ 15.9.2017വരെ |
| ശ്രീ. സജീവ് ലാൽ എസ് | 16.9.2017മുതൽ 31.3.12018വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം **1:** പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം **2:** വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **3:** ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **4:** ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ്- 2017-18
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2017-18
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2017-18

സൂചിക

| *ക്രമ നം.* | *വിഷയം* | *ഖണ്ഡിക നം.* |
|---|---|---|
| | ഭാഗം **1:** പൊതു അവലോകനം | |
| 1 | ബഡ്ജറ്റ് | 1-1 |

| | | |
|---|---|---|
| | | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം 2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | പാഴ്സനേജിന് വസ്തു നികുതി ഒഴിവാക്കിയത് ക്രമപ്രകാരമല്ല | 2-1 |
| 14 | റീഫണ്ട് ചെയ്യാത്ത ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല | 2-2 |
| 15 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല | 2-3 |
| 16 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-4 |

| | | |
|---|---|---|
| 17 | ഡി & ഒ ലൈസൻസ്- ചട്ടപ്രകാരമുള്ള കാലപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നില്ല | 2-5 |
| 18 | റേഷൻ റീട്ടെയിൽ ഡിപ്പോകളും ക്ഷീരോൽപാദക സഹകരണസംഘങ്ങളും ലൈസൻസ് എടുക്കുന്നില്ല | 2-6 |
| 19 | ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് എടുക്കുന്നില്ല | 2-7 |
| 20 | ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക- ബൈലോ ഇല്ല | 2-8 |
| 21 | കമ്മ്യൂണിറ്റി ഹാൾ– ബൈലോ തയ്യാറാക്കിയിട്ടില്ല | 2-9 |
| 22 | പരസ്യ നികുതി ബൈലോ പരിഷ്കരിച്ചില്ല- വരുമാനത്തിൽ കുറവുണ്ടായി | 2-10 |
| 23 | അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകൾ നീക്കം ചെയ്യാൻ നടപടികൾ സ്വീകരിക്കുന്നില്ല | 2-11 |
| 24 | ടെണ്ടർ ഫീസ് നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല | 2-12 |
| | ഭാഗം **3:** ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 25 | പ്രോജക്ട് നിർവ്വഹണത്തിൽ വീഴ്ച- 73.9ലക്ഷം രൂപ യഥാസമയം ചെലവഴിച്ചില്ല | 3-1 |
| 26 | ജീവനക്കാരുടെ ശമ്പള പരിഷ്കരണം- പുതുക്കിയ നിരക്കിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുക ഒടുക്കിയിട്ടില്ല | 3-2 |
| 27 | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നടപടികൾ ആരംഭിച്ചിട്ടില്ല | 3-3 |
| 28 | പാർട്ട് ടൈം സ്വീപ്പറുടെ നിയമനം - സ്വീപ്പിംഗ് ഏരിയ കണക്കാക്കിയിട്ടില്ല | 3-4 |

| | | |
|---|---|---|
| 29 | വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു | 3-5 |
| 30 | പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക നൽകി | 3-6 |
| 31 | മരുന്ന്/ഉപകരണങ്ങൾ വാങ്ങൽ പ്രോജക്ടുകൾ - മരുന്നും ഉപകരണങ്ങളും പൂർണ്ണമായും ലഭിച്ചിട്ടില്ല | 3-7 |
| 32 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നില്ല | 3-8 |
| 33 | അനുപൂരക പോഷകാഹാര പദ്ധതി- അപാകതകൾ | 3-9 |
| 34 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി- ഫണ്ടിന്റെ അപര്യാപ്തത മൂലം ലക്ഷ്യം കൈവരിച്ചില്ല | 3-10 |
| 35 | മരാമത്ത് പ്രവൃത്തി- പൊതുവായ അപാകതകൾ | 3-11 |
| 36 | 73-ാം നമ്പർ അങ്കണവാടി മെയിന്റനൻസ്- ഗുണമേന്മയില്ലാത്ത പ്രവൃത്തി | 3-12 |
| 37 | ഫ്രണ്ട് ഓഫീസും റിക്കോർഡ് റൂമും നവീകരിക്കൽ പ്രവൃത്തി- അധിക തുക പിൻവലിച്ചു | 3-13 |
| 38 | അഴകിത്തോട് ബണ്ട് റോഡ് കോൺക്രീറ്റിംഗ്- അധികതുക പിൻവലിച്ചു | 3-14 |
| 39 | മാധവസദനം ചിറയിൽ തുരുത്തിൽ തറയിൽ പടി റോഡ് ടാറിംഗ്- അപാകതകൾ | 3-15 |
| 40 | മെഷർമെന്റ്/ ചെക്ക് മെഷർമെന്റ് നടത്തി സാക്ഷ്യപ്പെടുത്താതെ പ്രതിഫലം നൽകി | 3-16 |
| 41 | പയ്യങ്കേരി പാടശേഖര കനാൽ കോൺക്രീറ്റിംഗ്- പ്രവൃത്തി പൂർത്തീകരിച്ചില്ല | 3-17 |
| 42 | ഫയലും എം.ബുക്കും ഹാജരാക്കിയില്ല | 3-18 |
| 43 | മരാമത്തു പ്രവൃത്തികളുടെ ഫയലിൽ ആവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല; നിർവ്വഹണത്തിൽ വീഴ്ച | 3-19 |

| | | |
|---|---|---|
| 44 | മരാമത്ത് പ്രവൃത്തികൾ ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല | 3-20 |
| 45 | ആശ്രയ പദ്ധതിയ്ക്കുള്ള വികസന ഫണ്ട് ആശ്രയ ഫണ്ടിൽ നിക്ഷേപിക്കുന്നില്ല | 3-21 |
| 46 | ആശ്രയ പദ്ധതി - അവലോകനം | 3-22 |
| 47 | പ്രളയത്തിൽ നഷ്ടമായ രേഖകൾ | 3-23 |
| | ഭാഗം **4:** ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും | |
| 48 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 49 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-2 |
| 50 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 51 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 52 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 53 | ഓഡിറ്റ് റിക്കവറി | 4-6 |
| 54 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 55 | ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 56 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 57 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2017-18വർഷത്തെ ബഡ്ജറ്റ് 6.3.17-ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിച്ച് അംഗീകരിക്കുകയും, തുടർന്ന് ഭരണസമിതിയുടെ 29.3.17-ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു. റിവൈസ്ഡ് ബഡ്ജറ്റ് 7.3.18-ൽ അംഗീകരിച്ചു. ബഡ്ജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | പ്രതീക്ഷിച്ചത് (ബഡ്ജറ്റ് പ്രകാരം) | യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം) | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 8696165 | 4612286 | -- | 4083879 |
| വരവ് | 73485500 | 34306064 | -- | 39179436 |
| ആകെ | 82181665 | 38918350 | -- | 43263315 |
| ചെലവ് | 73032250 | 35572814 | -- | 37459436 |
| നീക്കിയിരിപ്പ് | 9149415 | 3345536 | -- | 5803879 |

ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും, യഥാർത്ഥ തുകകളും തമ്മിൽ ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു. പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി കണക്കിലെടുക്കാതെയാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പെരുപ്പിച്ച വരവ് ചെലവ് കണക്കുകൾ സ്ഥാപനത്തിലെ ഉചിതമല്ലാത്ത ധനകാര്യ മാനേജ്മെന്റിനെയാണ് സൂചിപ്പിക്കുന്നത്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 23.5.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

2017-18 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ച് 9.7.2018-ലെ കെ.എസ്.എ.പി.റ്റി.എ.പി-4/787/18-നമ്പർ പ്രകാരം വിശേഷണങ്ങളോടു കൂടിയ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ഇതിൽ സൂചിപ്പിച്ച അപാകതകളിൽ പരിഹരിക്കാൻ അവശേഷിക്കുന്നവ ഖണ്ഡിക 1-12-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 4612286 |
| വരവ് | 34306064 |
| ആകെ | 38918350 |
| ചെലവ് | 35572814 |
| നീക്കിയിരിപ്പ് | 3345536 |

## 1-5 ഫണ്ട് വിനിയോഗം

എ) സംസ്ഥാന ഗ്രാന്റുകൾ

| | മുൻ ബാക്കി | ബജറ്റ് പ്രകാരം വകയിരുത്തിയ തുക | തൻവർഷ വരവ്/ അലോട്ട്മെന്റ് തുക | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 6722000 | 6722000 | 6722000 | 4941501 | 1780499 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 2180000 | 2178668 | 2178668 | 2077725 | 100943 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 78000 | 77969 | 77969 | 0 | 77969 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 11036000 | 11036000 | 11036000 | 6298516 | 4737484 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2591000 | 2591000 | 2591000 | 2209958 | 381042 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 3778579 | 3156395 | 3156395 | 3094103 | 62292 |
| ലോകബാങ്ക് സഹായം | 0 | 0 | 1616012 | 1616012 | 1361426 | 254586 |

*നോട്ട്- വികസനഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ലോകബാങ്ക് വിഹിതം എന്നീയിനങ്ങളിൽ മേൽകാണിച്ചിരിക്കുന്ന നീക്കിയിരിപ്പ് തുകകൾ വർഷാവസാനം ലാപ്സായി പോയതിനാൽ യഥാർത്ഥ നീക്കിയിരിപ്പ് ഇല്ല.*

ബി) മറ്റ് ഫണ്ടുകൾ

| | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലുറപ്പ് പദ്ധതി | 1193 | 7396954 | 7398147 | 7396249 | 1898 |
| ജനറൽ പർപ്പസ് ഫണ്ട് (ട്രഷറി) | 2045336 | 4715000 | 6760336 | 6633666 | 126670 |
| തനത് ഫണ്ട് (ബാങ്ക്) | 865836 | 4438752 | 5304588 | 3564366 | 1740222 |
| സാക്ഷരത (എസ്.ബി.റ്റി) | 70554 | 3075 | 73629 | 32914 | 40715 |
| ദുരിതാശ്വാസ നിധി (കാനറാ ബാങ്ക്) | 1146 | 44 | 1190 | 0 | 1190 |
| ട്രഷറി ജോയിന്റ് വെൻച്വർ | 0 | 1335511 | 1335511 | 1912121 | -576610 |
| ഇ-പേയ്മെന്റ് അക്കൗണ്ട്/ കറന്റ് അക്കൗണ്ട് | 0 | 23699 | 23699 | 649 | 23050 |
| ബി-ഫണ്ട് | 0 | 23906660 | 23906660 | 23906660 | 0 |
| ഫിക്സഡ് ഡെപ്പോസിറ്റ് | 872224 | 73442 (പലിശ) | 945666 | 0 | 945666 |

സി) തനത് വരുമാനം

| *ഇനം* | *മുൻവർഷ വരവ്* | *തൻവർഷ വരവ്* | *വ്യത്യാസം (+/-)* |
|---|---|---|---|
| നികുതി വരവുകൾ | 3454198 | 4621533 | 1167335 |
| നികുതിയേതര വരവുകൾ | 317258 | 707818 | 390560 |
| മറ്റ് വരവുകൾ | 5780990 | 4715000 | -1065990 |
| ആകെ | 9552446 | 10044351 | 491905 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| *അംഗീകാരം ലഭിച്ചത്* | *അടങ്കൽ* | *നടപ്പാക്കിയത്* | *ചെലവഴിച്ച തുക* | *നടപ്പാക്കാത്തവ* | *ചെലവ് ശതമാനം* |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 139 | 37914583 | 90 | 21709235 | 49 | 57.3 |

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
| ഉല്പാദനം | 17 | 5659951 | 13 | 2584405 | 45.7 |
| സേവനം | 53 | 13163268 | 38 | 8410962 | 63.9 |
| പശ്ചാത്തലം | 69 | 19091364 | 39 | 10713868 | 56.1 |
| ആകെ | **139** | **37914583** | **90** | **21709235** | **57.3** |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 17 | 13 | 5316353 | 4585479 | 86.25 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 75 | 41 | 19425800 | 8813213 | 45.37 |
| വി.ഇ.ഒ | 20 | 14 | 5641500 | 3147437 | 55.79 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 3 | 3 | 1150000 | 1114315 | 96.9 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 100000 | 100000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 4 | 1373400 | 1267386 | 92.28 |
| കൃഷി ഓഫീസർ | 8 | 7 | 2431951 | 1566755 | 64.42 |
| വെറ്ററിനറി സർജൻ | 7 | 4 | 1828000 | 617650 | 33.79 |
| എച്ച്.എം,ഗവ.എൽ.പി.എസ് | 3 | 2 | 447579 | 297000 | 66.36 |

| | | | | | |
|---|---|---|---|---|---|
| ഡയറി ഫാം ഇൻസ്പെക്ടർ | 1 | 1 | 200000 | 200000 | 100 |
| ആകെ | **139** | **90** | **37914583** | **21709235** | **57.3** |

## **1-7** തൊഴിലുറപ്പ് പദ്ധതി

| *ഇനം* | *മുന്നിരിപ്പ്* | *വരവ്* | *ആകെ* | *ചെലവ്* | *നീക്കിയിരിപ്പ്* |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1193 | 790905 | 792098 | 790200 | 1898 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 6606049 | 6606049 | 6606049 | 0 |
| ആകെ | 1193 | 7396954 | 7398147 | 7396249 | 1898 |

## **1-8** ക്ഷേമ പദ്ധതികൾ

| *പെൻഷൻ ഇനം* | *ഗുണഭോക്താക്കളുടെ എണ്ണം* | *പെൻഷൻ ഇനത്തിലെ ചെലവ്* |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 329 | 3985400 |
| ദേശീയ വാർദ്ധക്യകാല പെൻഷൻ | 1007 | 13088400 |
| വികലാംഗ പെൻഷൻ | 162 | 1716900 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 22 | 261900 |
| വിധവാ പെൻഷൻ | 426 | 4836300 |
| തൊഴിൽ രഹിത വേതനം | 12 | 17760 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.1.19-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 45486രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

**1.** പൊതുനിയന്ത്രണം

പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. എന്നാൽ പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഐ.എസ്.ഓ സർട്ടിഫിക്കേഷൻ നേടുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ച് നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്.

**2.** അക്കൗണ്ടിംഗ് സംവിധാനം

ഓഡിറ്റ് വർഷത്തിൽ ഓരോ മാസത്തെയും ചെലവുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കുന്നുണ്ട്. എന്നാൽ നാളിതുവരെ ആർജ്ജിച്ച ആസ്തികളുടെ ശരിയായ മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല.

**3.** രജിസ്റ്ററുകളുടെ പരിപാലനം

(എ) ആസ്തി രജിസ്റ്റർ

രജിസ്റ്ററുകളുടെ പരിപാലനം പൊതുവെ തൃപ്തികരമാണ്. എന്നാൽ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ട് വർഷങ്ങളായി. ആസ്തിരജിസ്റ്ററിൽ 2013വർഷം വരെയുള്ള വിവരങ്ങളേ ഉൾപ്പെടുത്തിയിട്ടുള്ളൂ. ആസ്തിരജിസ്റ്ററിൽ നാളിതുവരെയുള്ള വിവരങ്ങൾ കൃത്യമായി ഉൾപ്പെടുത്തേണ്ടതും, 26-7-11-ലെ ജി.ഓ(എം.എസ്)152/11/ ത.സ്വ.ഭ.വ- ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ആസ്തികളുടെ കൃത്യമായ അക്കൗണ്ടിംഗ് നടത്തേണ്ടതുമാണ്.

(ബി) സ്റ്റോക്ക് രജിസ്റ്റർ

ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്ററിന്റെ പരിപാലനം തൃപ്തികരമല്ല. സാധനങ്ങൾ വാങ്ങുന്നതിന്റെ വിവരം ചേർക്കുന്നുണ്ടെങ്കിലും, ഓരോയിനവും പ്രത്യേകം പേജിൽ ചേർത്ത് സാക്ഷ്യപ്പെടുത്തേണ്ടതിനു പകരം ഇടകലർത്തി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിൽ കേരള ഫിനാൻഷ്യൽ കോഡിലെ നിബന്ധനകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ഉദാഹരണത്തിന് ബുക്ക്, ഫോംസ്, സ്റ്റേഷനറി എന്നിവയ്ക്കും ഓഫീസ് ഫർണീച്ചറുകൾക്കും പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഒറ്റ രജിസ്റ്ററിൽ തന്നെ എല്ലാ വാങ്ങലുകളുടെയും വിവരം ചേർക്കുകയാണ് ചെയ്തുവരുന്നത്. പുതിയ വാങ്ങലുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്ന സാക്ഷ്യപത്രം ബില്ലുകളുടെ ഓഫീസ് കോപ്പിയിൽ എഴുതുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിൽ ഫിനാൻഷ്യൽ കോഡിലെയും പ്രൊക്യൂർമെന്റ് മാന്വലിലെയും നിബന്ധനകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. (കെ.എഫ്.സി. വോള്യം-1, ചാപ്റ്റർ-6, 20.08.2016-ലെ ജി.ഒ.(ആർ.ടി.) നം.2487/16 /എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാന്വൽ ഖണ്ഡിക 4.1.4.3 )

**4.** ദുരിതാശ്വാസ നിധി

കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന പ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ അടിയന്തിര സന്ദർഭങ്ങളിൽ അർഹരായവർക്ക് സഹായം നൽകുന്നതിന് ആവശ്യമായത്ര തുക നിധിയിൽ ഇല്ല(1190രൂപ മാത്രം). സംഭാവന വഴിയും കലാകായികവിനോദ പരിപാടികളിലൂടെയും ഇതിനായി ഫണ്ട് സ്വരൂപിച്ച് ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുന്നതിനുള്ള തുടർപ്രവർത്തനങ്ങൾക്കായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**5.** ജനറൽ കമ്മറ്റി

പഞ്ചായത്ത് കമ്മറ്റിയിൽ പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾ, പൊതുജനങ്ങൾക്കുള്ള വിവിധ സേവനങ്ങൾ ലഭ്യമാക്കൽ മുതലായ വിവിധ വിഷയങ്ങളെപ്പറ്റി വിശദമായ ചർച്ചകൾ നടക്കുന്നുണ്ട് എന്ന് മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 31.7.17മുതൽ മിനിറ്റ്സ് സകർമ്മ സോഫ്റ്റ്-വെയറിൽ തയ്യാറാക്കുന്നുണ്ട്.

**6.** ഗ്രാമസഭ

പഞ്ചായത്തിലെ പദ്ധതി രൂപീകരണം, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എന്നിവ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ചുമതലകൾ ഗ്രാമസഭയിൽ നിക്ഷിപ്തമാണ്. പരമാവധി ആളുകളെ ഗ്രാമസഭകളിൽ പങ്കെടുപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഗ്രാമസഭാ കൺവീനർമാരുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്. ഗ്രാമസഭയുടെ പ്രവർത്തനങ്ങളും തൃപ്തികരമല്ല. ക്രിയാത്മകമായ ചർച്ചകൾ ഉണ്ടാകുന്നില്ല. ആനുകൂല്യം ലഭിച്ചവർ തന്നെ വീണ്ടും അതേ ആനുകൂല്യങ്ങൾക്കു വേണ്ടി അപേക്ഷിക്കുകയും ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെടുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. അർഹതയുള്ള ഗുണഭോക്താക്കൾ ലിസ്റ്റിലില്ലാത്തതിനാൽ ഗുണഭോക്താക്കളെ പഞ്ചായത്ത് കമ്മിറ്റി നേരിട്ട് തെരഞ്ഞെടുക്കുകയും ഇവരുടെ പേരുകൾ ഗ്രാമസഭയിൽ വച്ച് പിന്നീട് അംഗീകാരം നേടുകയും ചെയ്യുന്ന പ്രവണത കാണുന്നു.

അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന ഘടകമായ ഗ്രാമസഭകൾ ശക്തിപ്പെടുത്തുന്നതിനും ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിനും അതുവഴി ജനങ്ങളുടെ പങ്ക് പഞ്ചായത്തിന്റ വികസന പ്രക്രിയയിൽ ഉണ്ടാകുന്നതിനും പഞ്ചായത്ത് ജനപ്രതിനിധികളും അധികൃതരും ശ്രദ്ധിക്കേണ്ടതാണ്.

**7.** വർക്കിംഗ് ഗ്രൂപ്പുകൾ

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. ക്രിയാത്മകമായ ചർച്ചകളൊന്നും വർക്കിംഗ് ഗ്രൂപ്പിൽ നടക്കുന്നില്ല എന്ന് മിനിറ്റ്സിൽ നിന്നും വ്യക്തമാകുന്നു. ഭാവിയെ ലക്ഷ്യം വെച്ചുകൊണ്ടുള്ള നൂതന പ്രോജക്ടുകളൊന്നും തന്നെ തൻവർഷം ആവിഷ്കരിച്ചിട്ടില്ല. എല്ലാ വർഷവും സ്ഥിരമായി നടപ്പാക്കുന്ന പ്രോജക്ടുകൾ തന്നെയാണ് വീണ്ടും ആവിഷ്കരിക്കുന്നത്. മാലിന്യ നിർമ്മാർജ്ജനം, പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് മുതലായ പ്രൊജക്ടുകൾ ആവിഷ്കരിച്ചെങ്കിലും തൻവർഷം നടപ്പാക്കിയില്ല. പ്രോജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്നുള്ള സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *അവസാനം ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 3.11.18-7.11.18 | 7/18- 10/18 | റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 6.9.2017മുതൽ 7.9.2017വരെ | 2015-16മുതൽ 2016-17വരെ | 2.11.2017 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

2017-18 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ടതും, പരിഹരിക്കാത്തതുമായ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. Schedule-B-11(a)- Capital work in progress ആയി 169134രൂപയാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആയത് ശരിയല്ല എന്ന് മരാമത്ത് ഫയലുകൾ പരിശോധിച്ചതിൽ വ്യക്തമായി. ഓഡിറ്റ് വർഷം രണ്ട് പാർട്ട് ബില്ലുകൾ ഉണ്ടായിരുന്നതായി കാണുന്നു. പ്രൊജക്ട് നം.S.98/18-പ്രകാരം 309906രൂപയും പ്രൊജക്ട് നം.S.9/18-പ്രകാരം 223209രൂപയും പാർട്ട് ബില്ലുകളാണ്.

2. Schedule-I-14(d)- Pension for unmarried women aged above 50- ഇനത്തിൽ 189300രൂപയാണ് അക്കൗണ്ട്സിൽ കാണിച്ചിരിക്കുന്നത്. എന്നാൽ ശരിയായ തുക 261900രൂപയാണ്.

പ്രസ്തുത അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 പാഴ്സനേജിന് വസ്തു നികുതി ഒഴിവാക്കിയത് ക്രമപ്രകാരമല്ല

പഞ്ചായത്തിന്റെ പന്ത്രണ്ടാം വാർഡിലെ ട്രസ്റ്റി, സെന്റ് വിൻസെന്റ് മലങ്കര കാത്തോലിക്കാ ചർച്ച് ട്രസ്റ്റിയുടെ പേരിലുള്ള 12/32-ാം നമ്പർ കെട്ടിടത്തിന് വസ്തു നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. എന്നാൽ, പ്രസ്തുത കെട്ടിടം പാഴ്സനേജായാണ് ഉപയോഗിക്കുന്നത്. പ്രസ്തുത കെട്ടിടത്തിന് വസ്തു നികുതി ഒഴിവാക്കിയത് സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് (20/7.2.19), വസ്തുനികുതിയുടെ ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തിയായിട്ടുള്ളതിനാൽ 2013-14വർഷം മുതലുള്ള വസ്തുനികുതി നിർണ്ണയിക്കാനും ഈടാക്കാനും നിർവ്വാഹമില്ല എന്നും, 2018-19മുതൽ നികുതി നിശ്ചയിച്ച് ഈടാക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകി. പ്രസ്തുത കെട്ടിടത്തിന്റെ വസ്തു നികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 2-2 റീഫണ്ട് ചെയ്യാത്ത ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 56 (ബി ) പ്രകാരം ഡെപ്പോസിറ്റ് ഇനത്തിലും, ഇ.എം.ഡി ഇനത്തിലും പഞ്ചായത്ത് ഫണ്ടിൽ വരവ് വന്ന തുകകൾ മൂന്ന് വർഷത്തിലധികമായി റീഫണ്ട് ചെയ്യാതെ വരുമ്പോൾ അവ പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെ തനത് ഫണ്ട് അക്കൗണ്ടിൽ മുതൽ കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. വർഷങ്ങളായി റീഫണ്ട് ചെയ്യാത്ത തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | റീഫണ്ട് ചെയ്യാത്ത തുക |
|---|---|
| 2011-12 | 12300 |
| 2012-13 | 19085 |
| 2013-14 | 1350 |
| 2014-15 | 26780 |
| ആകെ | **59515** |

പ്രസ്തുത തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 2-3 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ഡി & ഒ ലൈസൻസിനുള്ള അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ എണ്ണം പരിശോധിച്ച് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിക്കപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും മാത്രമേ തുടർ വർഷങ്ങളിൽ നികുതി ഡിമാൻഡ് ചെയ്യുന്നുള്ളൂ.

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ പ്രകാരം, ഒരു അർദ്ധവർഷത്തെ

തൊഴിൽനികുതി നിർണ്ണയത്തിന് അർഹമായ കാലം കഴിഞ്ഞാലുടൻ സെക്രട്ടറി 1-ാം നമ്പർ ഫാറത്തിൽ ആഫീസ് തലവനോടോ തൊഴിലുടമയോടോ, ജോലിയിലുള്ള ആളുകളുടെ ആകെയുള്ള ശമ്പളത്തേയോ വരുമാനത്തേയോ സംബന്ധിച്ച വിവരങ്ങൾ 15 ദിവസത്തിനുള്ളിൽ II-ാം നമ്പർ ഫോറത്തിൽ സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്. ഫോറത്തിലെ വിവരങ്ങൾ പരിശോധിച്ച് ഫോറം നമ്പർ III-ൽ ഡിമാൻഡ് നോട്ടീസ് നൽകി നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 18 അനുസരിച്ചുള്ള ഫോം നം-V- ലുള്ള രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിലൂടെ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാവരും ആയത് ഒടുക്കുന്നുണ്ടെന്നുറപ്പവരുത്താൻ കഴിയുന്നതാണ്. ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 2-4 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്തിലെ കരാർ ജോലികൾ നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഓഡിറ്റ് വർഷം 14 കരാറുകാർ വിവിധ മരാമത്ത് പണികൾ ചെയ്തിട്ടുണ്ട്. ഇവരിൽ നിന്നും നികുതി ഈടാക്കാൻ ഡിമാന്റ് നോട്ടീസ് നൽകുകയോ മറ്റേതെങ്കിലും തദ്ദേശസ്വയം ഭരണ സ്ഥാപനത്തിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. കരാറുകാരിൽ നിന്നും ചട്ടപ്രകാരമുള്ള നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 ഡി & ഒ ലൈസൻസ്- ചട്ടപ്രകാരമുള്ള കാലപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നില്ല

തൻവർഷം ലൈസൻസ് എടുത്ത 197 സ്ഥാപനങ്ങളിൽ 45 എണ്ണം മാത്രമാണ് മാർച്ച് 31 ന് മുമ്പായി ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. 1996 ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്. നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ തൊട്ടടുത്ത വർഷത്തെ ലൈസൻസ് എടുക്കുന്നുണ്ടെന്നും അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും ഉറപ്പവരുത്തേണ്ടതാണ്.

## 2-6 റേഷൻ റീട്ടെയിൽ ഡിപ്പോകളും ക്ഷീരോൽപാദക സഹകരണസംഘങ്ങളും ലൈസൻസ് എടുക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ റീട്ടെയിൽ ഡിപ്പോകളും ക്ഷീരോൽപാദക സഹകരണ സംഘങ്ങളും ഡി&ഒ ലൈസൻസ് എടുക്കുന്നില്ല. ആയതിനാൽ ലൈസൻസ് ഫീസിനത്തിൽ ലഭിക്കേണ്ടിയിരുന്ന വരുമാനത്തിൽ കുറവുണ്ടാകുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. റേഷൻ കടകളെ ഡി ആന്റ് ഒ ലൈസൻസ്, തൊഴിൽ നികുതി എന്നിവയിൽ നിന്ന് ഒഴിവാക്കിയിട്ടില്ല എന്ന് സിവിൽ സപ്ലൈസ് ഡയറക്ടറുടെ (സി.എസ്) എ-9/764/2019 തീയതി 22.1.2019 നമ്പർ കത്ത് പ്രകാരം ജില്ലാ ഓഫീസർമാർക്ക് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. എക്കണോമിക്സ്&സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.ecostat.kerala.gov.in-ലെ വിവരം അനുസരിച്ച് പഞ്ചായത്ത് പരിധിയിൽ 8 റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒന്നും തന്നെ ലൈസൻസ് എടുക്കുന്നില്ല. കൂടാതെ പഞ്ചായത്തിലുള്ള 2 ക്ഷീരസംഘങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നില്ല. ഈ സ്ഥാപനങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് എടുക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കന്നുകാലി, ആട്, കോഴി ഫാമുകൾ 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് എടുക്കുന്നില്ല.

ചട്ടം 3 പ്രകാരം 5 എണ്ണത്തിൽ കൂടുതൽ കന്നുകാലികളെയോ, 20 എണ്ണത്തിൽ കൂടുതൽ ആടുകളെയോ 100 എണ്ണത്തിൽ കൂടുതൽ പക്ഷികളെയോ വളർത്തുന്നതിന് ലൈസൻസ് ആവശ്യമാണ്. മൃഗാശുപത്രിയിൽ നിന്നുമുള്ള വിവരങ്ങൾ പ്രകാരം 8കന്നുകാലി ഫാം, 3 ആട്ടഫാം, 2 പൗൾട്രിഫാം എന്നിവ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയൊന്നുംതന്നെ ചട്ടപ്രകാരമുള്ള ലൈസൻസ് എടുത്തിട്ടില്ല. ഇതിനാൽ ഗ്രാമപഞ്ചായത്തിന് ലൈസൻസ് ഫീസിനത്തിൽ ലഭിക്കുമായിരുന്ന തുക വർഷങ്ങളായി നഷ്ടപ്പെടുന്നു. ഈ ഫാമുകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-8 ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക- ബൈലോ ഇല്ല

ഗ്രാമപഞ്ചായത്ത് കാര്യാലയം സ്ഥിതിചെയ്യുന്ന കെട്ടിടത്തിലെ മുറികൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച നിശ്ചിത ബൈലോ തയ്യാറാക്കിയിട്ടില്ല. പ്രതിവർഷം 5% വാടക വർദ്ധനവ് ഈടാക്കി നിലവിലുള്ള വാടകക്കാർക്ക് തന്നെ മുറികൾ നൽകുകയാണ് ചെയ്തുവരുന്നത്. ഇവരിൽ നിന്നും 3 മാസത്തെ വാടക മുൻകൂർ വാങ്ങുകയും ആയത് അവസാന 3മാസത്തെ വാടകത്തുകയിൽ ക്രമീകരിക്കുകയും ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്. ആയതിനാൽ ഡെപ്പോസിറ്റ് ഇനത്തിൽ യാതൊരു വരുമാനവും ലഭിക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 256, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ എന്നിവ പ്രകാരം ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക സംബന്ധിച്ച് ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-9 കമ്മ്യൂണിറ്റി ഹാൾ– ബൈലോ തയ്യാറാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കാരാത്ര കമ്മ്യൂണിറ്റിഹാൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. വാടകയ്ക്ക് എടുക്കുന്നവരിൽ നിന്നും നിലവിൽ 500 രൂപയാണ് പ്രതിദിന വാടക ഈടാക്കുന്നത്. ഈയിനത്തിൽ 2017-18 വർഷം 8000 രൂപ വരവുണ്ട്. ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-10 പരസ്യ നികുതി ബൈലോ പരിഷ്കരിച്ചില്ല- വരുമാനത്തിൽ കുറവുണ്ടായി

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രദർശിപ്പിച്ചിട്ടുള്ള പരസ്യങ്ങളുടെ നികുതി ഈടാക്കുന്നതിനുള്ള അവകാശം ഓരോ വർഷവും ലേലം ചെയ്തു നൽകുകയാണ് ചെയ്യുന്നത്. 1.04.1993 മുതൽ പ്രാബല്യത്തിലുള്ള പരസ്യ നികുതി ബൈലോയിലെ നിരക്കുകൾ പ്രകാരമേ നികുതി ഈടാക്കാൻ കഴിയുകയുള്ളൂ എന്നതിനാൽ വളരെ കുറഞ്ഞ നിരക്കിലാണ് കരാറുകാർ പരസ്യ നികുതി പിരിവ് ലേലം കൊണ്ടിട്ടുള്ളത്. 2014-15 മുതൽ ഈയിനത്തിലുള്ള വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2014-15 | 14500 |
| 2015-16 | 14900 |
| 2016-17 | 15000 |
| 2017-18 | 15500 |

നിലവിലുള്ള ബൈലോയിൽ വളരെ തുച്ഛമായ നിരക്കുകളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണത്തിന് പോസ്റ്ററുകൾ ഹോൾഡിംഗുകൾ മുതലായവയ്ക്ക് ഒരു മാസത്തേക്ക് ഒരു ചതുരശ്രമീറ്റർ വരെ ചുമത്താവുന്ന നിരക്ക് 50 പൈസ മാത്രമാണ്.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209, പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി-5-15253/04 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാതൃകാ ബൈലോ എന്നിവയുടെ അടിസ്ഥാനത്തിൽ പുതുക്കിയ ബൈലോ തയ്യാറാക്കി പരസ്യ നികുതി നിരക്ക് പരിഷ്കരിച്ച് തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള യാതൊരു നടപടികളും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിരുന്നില്ല. തിരുവല്ല- മാന്നാർ സംസ്ഥാനപാതയുടെ ഏകദേശം 5 കിലോ മീറ്റർ പ്രദേശം ഈ പഞ്ചായത്തിന്റെ ഭാഗമാണ്. കൂടാതെ തിരുവല്ല അമ്പലപ്പുഴ റോഡും പഞ്ചായത്ത് പരിധിയിൽ കൂടി കടന്നു പോകുന്നുണ്ട്. ഈ റോഡുകളുടെ വശങ്ങളിൽ 15 ചതുരശ്ര മീറ്റർ വരെ

വലിപ്പമുള്ള ധാരാളം പരസ്യബോർഡുകൾ ഗ്രാമപ്പഞ്ചായത്തിന്റെ അനുമതിയില്ലാതെ ഇപ്പോഴും സ്ഥാപിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഈ വിഷയം ചൂണ്ടിക്കാട്ടിയിട്ടും ബൈലോ പരിഷ്കരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിരുന്നില്ല എന്നത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ഭാഗത്തുണ്ടായ വീഴ്ചയാണ്. ജി.എസ്.ടി നിലവിൽ വന്ന സാഹചര്യത്തിൽ ഗ്രാമപ്പഞ്ചായത്ത് പരസ്യനികുതി ഈടാക്കുന്നില്ലാത്തതിനാൽ ഗ്രാമപ്പഞ്ചായത്തിനുണ്ടായ നഷ്ടം പരിഹരിക്കാനാവാത്ത സ്ഥിതിയാണുള്ളത്. പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനങ്ങൾ നഷ്ടപ്പെടാതെ യഥാസമയം പിരിച്ചെടുക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## **2-11** <u>അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകൾ നീക്കം ചെയ്യാൻ നടപടികൾ സ്വീകരിക്കുന്നില്ല</u>

അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകൾ/ബാനറുകൾ/ഹോൾഡിംഗുകൾ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി റിട്ട് പെറ്റീഷൻ 22750/2018, 22784/18 എന്നീ റിട്ട് പെറ്റീഷനുകളിൽ 23.10.2018-ൽ പുറപ്പെടുവിച്ച പൊതു ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് 26.10.2018-ൽ സ.ഉ.(സാധാ) നം. 2733/2018/ത.സ്വ.ഭ.വ. നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകൾ/ബാനറുകൾ/ ഹോൾഡിംഗുകൾ/കൊടികൾ എന്നിവ 30.10.2018-ന് മുമ്പായി നീക്കം ചെയ്യണമെന്ന് ഉത്തരവിൽ പറഞ്ഞിരുന്നു. ഇതു സംബന്ധിച്ച് 07.03.2018, 06.10.2018 തീയതികളിൽ 41/ആർ.സി.2/18 നമ്പരായി വിശദമായ മാർഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിരുന്നു. നിലവിൽ പഞ്ചായത്ത് പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് അനുമതി നൽകുന്നില്ല. എങ്കിലും പഞ്ചായത്ത് പരിധിയിൽ ധാരാളം പരസ്യങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ട്. അനധികൃത പരസ്യങ്ങൾ നീക്കം ചെയ്യുന്നതിന് അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്.

## **2-12** <u>ടെണ്ടർ ഫീസ് നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല</u>

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തിയുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ കരാറുകാർ ഒടുക്കിയ തുകകൾ പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല.

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ജി.ഒ(പി)3/2015/ഫിൻ തീ.5/1/15 പ്രകാരം ടെണ്ടർ ഫോറ വില അടങ്കൽ തുകയുടെ 0.2% കുറഞ്ഞത് 500രൂപയാണ്. 2017-18വർഷം താഴെ പറയുന്ന പ്രവൃത്തികളിലെ ടെണ്ടർ ഫീസാണ് തിരികെ ലഭിക്കാനുള്ളത്.

| *പ്രവൃത്തി* | *ടെണ്ടർഫീസ്* |
|---|---|
| S.148/18-പഞ്ചായത്തിന്റെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ. | @1600<br>( എത്ര ടെണ്ടറുകൾ ലഭിച്ചുവെന്ന വിവരമില്ല. ഒരു ടെണ്ടർ മാത്രമേ ഫയലിലുള്ളൂ) |
| S.98/18-പയ്യങ്കേരി പാടശേഖര കനാൽ കോൺക്രീറ്റിംഗ്. | @1400<br>(എത്ര ടെണ്ടറുകൾ ലഭിച്ചുവെന്ന വിവരമില്ല. ഒരു ടെണ്ടർ മാത്രമേ |

| | |
|---|---|
| | ഫയലിലുള്ള) |
| SO.10/18(S.119/17)-ഗ്രാമപഞ്ചായത്ത് ഓഫീസ് ഐ.എസ്.ഓ നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ഓഫീസ് നവീകരണം. | @1260<br>(2ടെണ്ടറുകൾ) |

മുൻവർഷങ്ങളിലേത് ഉൾപ്പെടെ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുകകൾ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ വാങ്ങാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ടെണ്ടർ ഫീസ് ഇനത്തിൽ വരവ് വന്ന തുകകൾ പഞ്ചായത്ത് അക്കൗണ്ടിലേക്ക് മുതൽ കൂട്ടേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പ്രോജക്ട് നിർവ്വഹണത്തിൽ വീഴ്ച- 73.9ലക്ഷം രൂപ സമയബന്ധിതമായി ചെലവഴിക്കാൻ സാധിച്ചില്ല

ഗ്രാമപഞ്ചായത്തിന് ലഭ്യമായ ഫണ്ടിന് ആനുപാതികമായി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിലും നടപ്പിലാക്കുന്നതിലുമുണ്ടായ വീഴ്ച മൂലം 7394815രൂപ യഥാസമയം ചെലവഴിക്കാനായില്ല. ആകെ അനുവദിച്ച അലോട്ട്മെന്റിൽ നിന്നും പ്രോജക്ടുകൾക്കായി യഥാസമയം ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ടായിരുന്ന തുകകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| *ഫണ്ടിനം* | *അടങ്കൽ വകയിരുത്തിയ തുക* | *തൻ വർഷം ലഭിച്ച അലോട്ട്മെന്റ്* | *അലോട്ട്മെന്റ് തുകയിൽ നിന്നും ചെലവഴിച്ചത്* | *ചെലവ് %* | *ബാക്കി തുക* |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 6958000 | 6722000 | 4941501 | 73.51 | 1780499 |
| വികസനഫണ്ട് എസ്.സി.പി. | 2595000 | 2178668 | 2077725 | 95.36 | 100943 |
| വികസനഫണ്ട് റ്റി.എസ്.പി | 78474 | 77969 | 0 | 0 | 77969 |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 13080176 | 11036000 | 6298516 | 57.07 | 4737484 |
| സംരക്ഷണ ഗ്രാന്റ്(നോൺ റോഡ്) | 2641000 | 2591000 | 2209958 | 85.29 | 381042 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| $13^{th}$ CFCഗ്രാന്റ് | 4956086 | 3156395 | 3094103 | 98.02 | 62292 |
| ലോകബാങ്ക് ധനസഹായം | 1594216 | 1616012 | 1361426 | 84.24 | 254586 |
| ആകെ | | | | | **7394815** |

ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും വിവിധ സേവനങ്ങൾ നൽകുന്നതിനും ലഭ്യമായ തുകയാണ് ഇപ്രകാരം ചെലവഴിക്കാതിരുന്നത് എന്നത് അധികൃതരുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. സമയബന്ധിതമായി പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ കഴിയാത്തതാണ് ഇത്രയധികം തുക ഗ്രാമപഞ്ചായത്തിന് ചെലവഴിക്കാൻ കഴിയാതിരുന്നത്. ഭരണസമിതിയുടേയും ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടേയും ഭാഗത്തുനിന്നും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകത ഉണ്ടാകാതിരിക്കാൻ ഫലപ്രദമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 3-2 ജീവനക്കാരുടെ ശമ്പള പരിഷ്കരണം- പുതുക്കിയ നിരക്കിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുക ഒടുക്കിയിട്ടില്ല

സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും സ.ഉ(അച്ചടി) നം.7/2016/ധന. തീ. 20.01.2016 പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവ് ഖണ്ഡിക48(1) പ്രകാരം 01/07/2014 പ്രാബല്യത്തിൽ പുതുക്കിയ നിരക്കിലുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ധനകാര്യ വകുപ്പിന്റെ 22/3/17-ലെ 16/2017/ഫിൻ സർക്കുലർ അനുസരിച്ച് 31.1.2016-ൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്നതും 2014 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതുമായ ജീവനക്കാർക്ക് അർഹമായ അടിസ്ഥാന ശമ്പളകുടിശ്ശികയുടെ 15%-ന് തുല്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. എന്നാൽ ഇതനുസരിച്ചുള്ള പെൻഷൻ കോൺട്രിബ്യൂഷൻ പഞ്ചായത്തിൽ നിന്നും ഒടുക്ക് വരുത്തിയിട്ടില്ല. മേൽ സൂചിപ്പിച്ച തുക അടിയന്തിരമായി ഒടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നടപടികൾ ആരംഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തുകൾക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള മാർഗ്ഗരേഖയാണ് 29.1.2015-ലെ സ.ഉ(കൈ.)18/2015/തസ്വഭവ നമ്പർ ഉത്തരവ്. പ്രസ്തുത ഉത്തരവ് പ്രകാരം ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിന്റെ ഭാഗമായി പഞ്ചായത്തിൽ ഒട്ടേറെ പ്രവർത്തനങ്ങൾ ചെയ്യേണ്ടതുണ്ട്. പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുക (2017-ന് ശേഷം പുതുക്കിയിട്ടില്ല), ജനങ്ങൾക്ക് സേവനങ്ങൾ നൽകുന്നതിലെ കാലതാമസം കുറയ്ക്കുക, പരാതി പരിഹാര സംവിധാനം ശക്തിപ്പെടുത്തുക എന്നിവ ഇതിൽ ഉൾപ്പെടും.

നിലവിൽ ഫ്രണ്ട് ഓഫീസ് പഞ്ചായത്തിന്റെ രണ്ടാമത്തെ നിലയിലാണ് പ്രവർത്തിക്കുന്നത്. ഇത് ജനങ്ങൾക്ക്, പ്രത്യേകിച്ച് ഭിന്നശേഷിക്കാർക്ക് ഏറെ ബുദ്ധിമുട്ടുണ്ടാകുന്നു. ഫ്രണ്ട് ഓഫീസ് താഴത്തെ നിലയിലേക്ക് മാറ്റേണ്ടത് അനിവാര്യമാണ്. സൂചിക സോഫ്റ്റ് വെയർ മുഖേന ഫയലുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്ന രീതി പ്രാവർത്തികമായിട്ടില്ല. കൂടാതെ, മാർഗ്ഗരേഖയിൽ സൂചിപ്പിക്കുന്നത് പ്രകാരം ജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒന്നും ഒരുക്കിയിട്ടില്ല. (റാമ്പ്, ടച്ച് സ്ക്രീൻ, എഴുതാനുള്ള സ്റ്റേഷനറി, ടി.വി മുതലായവ)

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള പ്രാരംഭ നടപടി എന്ന നിലയിൽ റിക്കാർഡ് റൂം സജ്ജീകരിക്കൽ പോലും പഞ്ചായത്ത് ചെയ്തിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഒരു കർമ്മ പരിപാടി തയ്യാറാക്കുകയോ ഭൗതിക സാഹചര്യങ്ങൾ, പരിഹാര സംവിധാനങ്ങൾ എന്നിവ തീരുമാനിക്കുന്നതിനും നടപ്പിലാക്കുന്നതിനും ഒരു സമയക്രമം നിശ്ചയിക്കുകയോ ചെയ്തിട്ടില്ല.

മേൽ സൂചിപ്പിച്ചത് പോലെ ഒരു കർമ്മ പദ്ധതി തയ്യാറാക്കി, സർട്ടിഫിക്കേഷൻ നേടാനുള്ള പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി പൂർത്തീകരിക്കേണ്ടതാണ്.

## 3-4 പാർട്ട് ടൈം സ്വീപ്പറുടെ നിയമനം - സ്വീപ്പിംഗ് ഏരിയ കണക്കാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേക്ക് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭിച്ച ലിസ്റ്റിൽ നിന്നും ശ്രീ. ഉണ്ണികൃഷ്ണൻ എം.വി എന്നയാളെ പാർട്ട് ടൈം സ്വീപ്പർ (കാറ്റഗറി-III) തസ്തികയിലേക്ക് നിയമിച്ചു.(മാർച്ച് 2016-ൽ) 2004 ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം (ഖണ്ഡിക 7-(1)) 100 ച.മീറ്ററും 400 ച.മീറ്ററിനും ഇടയിലുള്ള സ്വീപ്പിംഗ് ഏരിയ (വർക്ക് ഏരിയ) ഉള്ളവരാണ് പാർട്ട് ടൈം സ്വീപ്പർ കാറ്റഗറി III-ൽ ഉൾപ്പെടുന്നത്. എന്നാൽ, ടിയാളെ നിയമിച്ചതിന്റെ ഫയൽ പരിശോധിച്ചതിൽ സ്വീപ്പിംഗ്/വർക്ക് ഏരിയ നിർണ്ണയിച്ചതിന് ആധാരമായ രേഖകൾ (PWD/തദ്ദേശ സാങ്കേതിക വിഭാഗം എന്നിവയുടെ) ലഭ്യമായിട്ടില്ല. പഞ്ചായത്തിലെ ആകെ സ്വീപ്പിംഗ് ഏരിയ കണക്കാക്കിയത് സംബന്ധിച്ച് രേഖകൾ പരിശോധനയ്ക്ക് അടിയന്തിരമായി ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് (15/5.2.19) രേഖകൾ ബന്ധപ്പെട്ട ഫയലിൽ ഇല്ലായെന്നും, ഏരിയാ നിർണ്ണയിക്കുന്നതിന് ഉടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചു. PWD ബിൽഡിംഗ്സ് ഡിവിഷൻ എഞ്ചിനീയറെക്കൊണ്ട് സ്വീപ്പിംഗ് ഏരിയ നിർണ്ണയിക്കാൻ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| *പദ്ധതിയുടെ പേര്/നമ്പർ* | തെരുവ് വിളക്ക ലൈൻ നീട്ടൽ (38/18) |
| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | സെക്രട്ടറി |
| *വകയിരുത്തിയ തുക* | 400000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| *ചെലവഴിച്ച തുക* | 400000/- (ട്രഷറി ബിൽ നം. 34/17-18/22.3.18) |

പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി പഞ്ചായത്തിലെ പതിമൂന്ന് വാർഡുകളിലും വിവിധ ലൈൻ നീട്ടൽ പ്രവൃത്തികൾക്കായി (ആകെ നീളം 3810 മീറ്റർ) കെ.എസ്.ഇ.ബി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 400000രൂപ ഒടുക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി-യുമായി കരാർ ചമച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കിയതിന്റെ രേഖകളില്ല. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ 400000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക നൽകി

| | |
|---|---|
| *പദ്ധതിയുടെ പേര്* | *സാന്ത്വനം പരിചരണ പദ്ധതി (127/18)* |
| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *മെഡിക്കൽ ഓഫീസർ, പി.എച്ച്.സി* |
| *അടങ്കൽ തുക* | *വികസനഫണ്ട് -400000*<br>*ജില്ലാ പഞ്ചായത്ത് ഫണ്ട്-500000* |
| *ചെലവു തുക* | *40000 (ബിൽ നം.1/17-18 dtd 28.09.17)* |

| | |
|---|---|
| | *152280 (ബിൽ നം.2/17-18 dtd 26.10.17)*<br>*29025 (ബിൽ നം. 3/17-18 dtd 21.12.17)*<br>*104320 (ബിൽ നം. 7/17-18 dtd 05.03.18)*<br>*31600 (ബിൽ നം. 8/17-18 dtd 17.03.18)*<br>*42775 (ബിൽ നം. 9/17-18 dtd 26.03.18)*<br>*480000 (ചെക്ക് നം. 2977246 dtd 24.03.18)*<br>*20000 (ചെക്ക് നം. 2977248 dtd 28.03.18)* |

2017-18 സാമ്പത്തിക വർഷം വാഹന വാടകയിനത്തിൽ 209000 രൂപ ചെലവഴിച്ചിട്ടുണ്ട്. (ഡ്രൈവർ-ശ്രീ.സുധീഷ്.പി.ജി). ക്വട്ടേഷൻ ക്ഷണിച്ച് ദിവസ വാടകയ്ക്കാണ് ഹോം കെയർ ടീമിന് വാഹനം ലഭ്യമാക്കിയത്. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം (സ.ഉ.(സാധാ) നം.3217/2015/ത.സ്വ.ഭ.വ. തീയതി 29.10.15) ദിവസ വാടകയ്ക്ക് വാഹനം എടുത്തു നൽകുന്നതിനുള്ള നിബന്ധനകൾ വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് ക്വട്ടേഷൻ ക്ഷണിച്ച് വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ വാഹനത്തിന് നൽകാവുന്ന പരമാവധി ദിവസ വാടക (രാവിലെ ഹോം കെയർ ആരംഭിക്കുന്നത് മുതൽ വൈകുന്നേരം അവസാനിക്കുന്നത് വരെ ഒരു ദിവസത്തേക്ക്) താഴെ ചേർക്കുന്നു.

| *ഓടുന്ന ദൂരം* | *15-24 Km* | *25-34 Km* | *35-44 Km* | *45 Km ന് മുകളിൽ* |
|---|---|---|---|---|
| പരമാവധി തുക | 800 | 900 | 1000 | 1100 |

മാസം ശരാശരി 20-25കി.മി. ഓടിയതിന് 1100രൂപ ദിവസ വാടക നൽകിയതു കാരണം വാഹന വാടകയിനത്തിൽ പദ്ധതി ഫണ്ടിൽ നിന്നും കൂടുതൽ തുക ചെലവഴിക്കേണ്ടതായി വന്നിട്ടുണ്ട്.(പരിശോധനയ്ക്ക് ലഭ്യമാക്കിയ ട്രിപ്പ് ഷീറ്റിൽ നിന്നും, മാസത്തിൽ ഒരു തവണ മാത്രമാണ് 30കി.മി. വാഹനം ഓടിയിട്ടുള്ളത് എന്ന് വ്യക്തമാകുന്നു).

| *മാസം* | *ബിൽ തുക* | *ബിൽ നം/തീയതി* | *നൽകിയ തുക* | *അനുവദനീയമായ തുക* | *അധികം നൽകിയത്* |
|---|---|---|---|---|---|
| 4/17 | 152280/- | CBNo.2/17-18 dtd 26.10.17 | 14X1100=15400 | 25km-ൽ കൂടുതൽ-5ദിവസം-5X900=4500<br>25km-ൽ കുറവ്-9ദിവസം-9X800=7200<br>ആകെ-11700 | 3700 |
| 5/17 | | | 16X1100=17600 | 5X900=4500<br>11X800=8800<br>ആകെ-13300 | 4300 |

| | | | | | |
|---|---|---|---|---|---|
| 6/17 | | | 16X1100=17600 | 5X900=4500<br>11X800=8800<br>ആകെ-13300 | 4300 |
| 7/17 | | | 16X1100=17600 | 4X900=3600<br>12X800=9600<br>ആകെ-13200 | 4400 |
| 8/17 | | | 15X1100=16500 | 2X900=1800<br>13X800=10400<br>ആകെ-12200 | 4300 |
| 9/17 | | | 16X1100=17600 | 6X900=5400<br>10X800=8000<br>ആകെ-13400 | 4200 |
| 10/17 | 104320/- | CBNo.7/17-18 dtd 05.03.18 | 16X1100=17600 | 4X900=3600<br>12X800=9600<br>ആകെ-13200 | 4400 |
| 11/17 | | | 16X1100=17600 | 5X900=4500<br>11X800=8800<br>ആകെ-13300 | 4300 |
| 12/17 | | | 16X1100=17600 | 3X900=2700<br>13X800=10400<br>ആകെ-13100 | 4500 |
| 1/18 | | | 16X1100=17600 | 3X900=2700<br>13X800=10400<br>ആകെ-13100 | 4500 |
| 2/18 | 31600/- | CBNo.8/17-18 dtd 17.03.18 | 16X1100=17600 | 6X900=5400<br>10X800=8000<br>ആകെ-13400 | 4200 |

| | | | | | |
|---|---|---|---|---|---|
| 3/18 | 42775/- | CBNo.9/17-18 dtd 26.03.18 | 16X1100=17600 | 5X900=4500<br>11X800=8800<br>ആകെ-13300 | 4300 |
| | | | | ആകെ | **51400** |

അധികമായി നൽകിയ 51400രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. ടി തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. (4/17-7/17 – ഡോ. ജെഫി സി ജോസ്, 8/17-3/18- ഡോ. ബെറ്റി വി എസ്)

## 3-7 മരുന്ന് /ഉപകരണങ്ങൾ വാങ്ങൽ പ്രോജക്ടുകൾ - മരുന്നും ഉപകരണങ്ങളും പൂർണ്ണമായും ലഭിച്ചിട്ടില്ല

2017-18സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി-യ്ക്ക് മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനായി സർക്കാർ ഏജൻസിയായ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് **651515**രൂപ മുൻകൂർ ഒടുക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ ഇവ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| *ക്രമ നം* | *പ്രോജക്ടിന്റെ പേര്* | *അടച്ച തുക* | *ബിൽ/ ചെക്ക് നം., തീയതി* | *ലഭ്യമായ മരുന്നിന്റെ വിവരം* | *ലഭിക്കാൻ ബാക്കിയുള്ളത്* |
|---|---|---|---|---|---|
| 1 | സാന്ത്വനം പരിചരണ പദ്ധതി (127/18) | 7200/- | ബിൽ നം. 9/17-18 തീയതി 26.03.18 | 6176/- | 1024/- |
| | | 480000/- | ചെക്ക് നം.2977246 തീയതി 24.03.18 | 368989/- | 111011/- |
| 2 | പി.എച്ച്.സിയ്ക്ക് മരുന്നും ഉപകരണങ്ങളും (132/18) | 14315 | ബിൽ നം. 4/17-18 തീയതി 21.12.17 | 9956/- | 4359/- |
| | | 65141/- | ബിൽ നം. 5/17-18 തീയതി 17.01.18 | 62186/- | 2955/- |

| | | | | | |
|---|---|---|---|---|---|
| | | 84859/- | ബിൽ നം. 6/17-18 തീയതി 17.01.18 | 84859/- | --- |
| | ആകെ | **651515/-** | | **532166/-** | **119349/-** |

മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതും, ലഭ്യമായതിനു ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-8 ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നില്ല

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി വികസനഫണ്ട്, ബ്ലോക്ക് വിഹിതം എന്നിവ വകയിരുത്തി പദ്ധതി രൂപീകരിച്ച് (S00131/18) 265000രൂപ ചെലവഴിച്ചിട്ടുണ്ട്. ശാരീരിക വെല്ലുവിളി നേരിടുന്ന 5വിദ്യാർത്ഥികൾക്കും മാനസിക വെല്ലുവിളി നേരിടുന്ന 17 വിദ്യാർത്ഥികൾക്കുമാണ് സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്. മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പരമാവധി 13045 രൂപ വീതവും ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പരമാവധി 9965 രൂപ വീതവുമാണ് (വ്യത്യസ്ത ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് വ്യത്യസ്ത നിരക്കിൽ) നൽകിയിട്ടുള്ളത്. 2017- 18 വാർഷിക പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) നം 80/2017/ത.സ്വ.ഭ.വ/3.4.2017- പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് വാർഷികമായി 28,500 രൂപയും (എല്ലാ ബത്തകളും , ഉല്ലാസയാത്രാ ചെലവുകൾക്ക് നൽകുന്ന 1000 രൂപയും ഉൾപ്പെടുന്നു) ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് പ്രതിവർഷം 7700 രൂപ മുതൽ 19500 രൂപ വരെയും നൽകാമെന്നിരിക്കെ, പദ്ധതി രൂപീകരിച്ചപ്പോൾ കുറഞ്ഞ തുക വകയിരുത്തി തുച്ഛമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയത് ഈ വിഭാഗത്തെ വേണ്ടവിധം പരിഗണിക്കാത്തതിന്റെ തെളിവായി ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ ഉത്തരവ് ഖണ്ഡിക 10.4 കുറിപ്പുകളിൽ സ്കോളർഷിപ്പ്- ബത്ത നല്കുന്നതിന് ആവശ്യമായ തുക വകയിരുത്തിക്കൊണ്ടുള്ള പ്രൊജക്ട് എല്ലാ തദ്ദേശ സ്ഥാപനങ്ങളും ഏറ്റെടുക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവനുസരിച്ചുള്ള നിരക്കിൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക നൽകുന്നതിന് മുൻകൂട്ടി സർവ്വേ നടത്തി ആവശ്യമായ തുക വകയിരുത്തുന്നതിന് പഞ്ചായത്ത് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥയും ശ്രദ്ധിക്കേണ്ടതാണ്.

## 3-9 അനുപൂരക പോഷകാഹാര പദ്ധതി- അപാകതകൾ

അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും ലഭ്യമായ ഗുഡ്സ് ഇഷ്യൂ ഷീറ്റ് (ഇഷ്യൂ നം.1775 തീയതി 12.07.2017 ) പ്രകാരം കേന്ദ്ര ഗവൺമെന്റിൽ നിന്നും 800 കിലോഗ്രാം അരി സൗജന്യമായി അങ്കണവാടികൾക്കായി ലഭിച്ചിരുന്നു. എന്നാൽ അരി സ്റ്റോക്കിൽ എടുത്തതിന്റേയോ വിതരണം ചെയ്തതിന്റേയോ രേഖകൾ ഇല്ല. ആയത് ഗുരുതരമായ അപാകതയാണ്. ഇതിന് വിശദീകരണം നൽകേണ്ടതാണ്. ഭക്ഷണ വിതരണത്തിനുള്ള സാധനങ്ങൾ ലഭ്യമാകുമ്പോൾ അവ യഥാസമയം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും അങ്കണവാടികൾക്ക് വിതരണം ചെയ്യുമ്പോൾ ആയതിന്റെ വിവരം രേഖപ്പെടുത്തേണ്ടതുമാണ്. രേഖകൾ കൃത്യമാക്കി വിവരം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്. അങ്കണവാടികളിലെ ഭക്ഷണ വിതരണത്തിന്റെ സുതാര്യത ഉറപ്പ് വരുത്തി പദ്ധതികൊണ്ടുള്ള പ്രയോജനം അതിന്റെ എല്ലാ ഗുണഭോക്താക്കൾക്കും ലഭിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-10 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി- ഫണ്ടിന്റെ അപര്യാപ്തത മൂലം ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *ഡയറി ഫാം ഇൻസ്പെക്ടർ* |
| *പ്രോജക്ട് പേര്, നമ്പർ* | *ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (142/18)* |
| *വകയിരുത്തിയ തുക* | *വികസനഫണ്ട്- 100000/-*<br>*ബ്ലോക്ക് പഞ്ചായത്ത് -100000/-*<br>*ആകെ* ***- 200000/-*** |
| *ചെലവു തുക* | *ബിൽ നം. 1/2017-18/8.1.18 – 79389/-*<br>*ബിൽ നം. 2/2017-18/12.3.18 - 20611/-*<br>*ചെക്ക് നം. 2977245/26.3.18 - 100000 /-*<br>*ആകെ ചെലവ്* ***- 200000/-*** |

ക്ഷീര സംഘത്തിൽ പാൽ അളക്കുന്നവർക്ക് അധിക വരുമാനം നൽകുന്നതിനായി ഡയറി ഫാം ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതിയാണ് ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി. പ്രസ്തുത പദ്ധതിക്കായി വിഹിതം ലഭ്യമാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തുമായി ചേർന്ന് സംയുക്ത പദ്ധതിയാണ് ആവിഷ്കരിച്ചിരുന്നത്. നാലു ക്ഷീരസംഘങ്ങളിലെ 82 കർഷകർക്കാണ് ആനുകൂല്യം ലഭ്യമായത്. എന്നാൽ മതിയായ തുക വകയിരുത്താത്തതു കാരണം 2017 ഏപ്രിൽ മുതൽ നവംബർ വരെ ലിറ്ററിന് 3രൂപ നിരക്കിലും ഡിസംബർ, ജനുവരി മാസങ്ങളിൽ ശരാശരി 2 രൂപ നിരക്കിലുമാണ് സബ്സിഡി തുക വിതരണം ചെയ്യാൻ കഴിഞ്ഞത്. ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ സബ്സിഡി ഒട്ടുംതന്നെ നൽകിയില്ല. ആയതിനാൽ പദ്ധതി പൂർണ്ണമായും ലക്ഷ്യം കൈവരിച്ചിട്ടില്ല. പ്രോജക്ട് ആവിഷ്കരിക്കുമ്പോൾ ആവശ്യകതയ്ക്ക് അനുസൃതമായി ഫണ്ട് വകയിരുത്തുന്നതിന് സ്റ്റാന്റിംഗ് കമ്മറ്റിയും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 3-11 മരാമത്ത് പ്രവൃത്തി- പൊതുവായ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ധാരാളം ഗുരുതരമായ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അലക്ഷ്യമായാണ് ഫയലുകൾ കൈകാര്യം ചെയ്തിരുന്നത്. ഫയലുകളിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതായ പല രേഖകളും ഉൾപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് ചട്ടങ്ങൾ പാലിച്ചല്ല മിക്ക പ്രവൃത്തികളും ചെയ്തിരിക്കുന്നത് എന്ന് ഫയലുകളിൽ നിന്ന് വ്യക്തമാണ്. അപാകതകൾ ചുവടെ കൊടുക്കുന്നു.

1. പ്രവൃത്തി ഏല്പിച്ച കരാറുകാരന്റെ ടെണ്ടർ രേഖകൾ മാത്രമേ ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. ലഭിച്ച മറ്റ് ടെണ്ടറുകളൊന്നും ഫയലിൽ ഇല്ല. ടെണ്ടർ രജിസ്റ്ററിൽ എല്ലാ പ്രവൃത്തികളുടേയും വിവരങ്ങളും, സ്വീകരിച്ച ടെണ്ടറിന്റെ വിവരം, കമ്മറ്റിത്തീരുമാനത്തിന്റെ നമ്പരും തീയതിയും മുതലായ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായവരെക്കൊണ്ട് ടെണ്ടർ രജിസ്റ്ററിൽ ഒപ്പ് ഇടുവിക്കണം എന്ന നിബന്ധനയും പാലിച്ചിട്ടില്ല. ആയതിനാൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത കരാറുകാരന്റെ ടെണ്ടറാണോ സ്വീകരിച്ചതെന്ന് മനസ്സിലാക്കാൻ സാധിക്കാത്ത രീതിയിലാണ് രേഖകൾ. എല്ലാ ഫയലിലും ഈ അപാകതയുണ്ട്.

2. ടെണ്ടറിനോടൊപ്പം ഇ.എം.ഡി സമർപ്പിച്ചതിന്റെ രേഖകൾ ഒരു ഫയലിലും ഇല്ല. ഇ.എം.ഡി ലഭിച്ചതിന്റേയും തിരികെ നൽകിയതിന്റെയും വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

3. ടെണ്ടർ ഫാറത്തിന്റെ അവസാന പേജിൽ അസി.എഞ്ചിനീയർ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടർ നിരക്ക്, തിരുത്തലുകൾ മുതലായ വിവരങ്ങൾ രേഖപ്പെടുത്തുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയത് ടെണ്ടറുകളുടെ സുതാര്യത നഷ്ടപ്പെടുത്തുന്നു.

4. എഗ്രിമെന്റുകളിൽ ഭൂരിഭാഗത്തിലും അസി.എഞ്ചിനീയർ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥയുടെ കൃത്യവിലോപമാണ് ഇത് വ്യക്തമാക്കുന്നത്. പലതിലും കരാറുകാരനും ഒപ്പ് വെച്ചിട്ടില്ല എന്നത് അപാകതയുടെ ഗൗരവം വർദ്ധിപ്പിക്കുന്നു. (ഉദാ.- അമ്പാട്ടുപടി - മാറേക്കാട്ടുപടി കോൺക്രീറ്റിംഗ്, കിഴകയിൽപടി - തയ്യിൽപടി കോൺക്രീറ്റിംഗ്)

5. ട്രഷറി ബില്ലിന്റെ പകർപ്പ് ഒരു ഫയലിലും ഉൾപ്പെടുത്തിയിട്ടില്ല. ചിലതിൽ വർക്ക് ബില്ല് പോലും ഉൾപ്പെടുത്തിയിട്ടില്ല. (ഉദാ.- കൊട്ടുവിരുത്തിൽ കടവ് റോഡ് കോൺക്രീറ്റിംഗ്)

6. വർക്ക് ഓർഡർ, സൈറ്റ് ഹാൻഡ് ഓവർ രേഖകൾ, കംപ്ലീഷൻ റിപ്പോർട്ട് എന്നിവ ഒരു ഫയലിലും ഇല്ല. നടപടിക്രമങ്ങൾ ശരിയായി പാലിച്ചല്ല പ്രവൃത്തികൾ കരാറുകാരെ/കൺവീനർമാരെ ഏല്പിച്ചതെന്ന് വ്യക്തമാണ്. (ഉദാ.- 70-ാം നമ്പർ അങ്കണവാടി മെയിന്റനൻസ്)

7. എഗ്രിമെന്റുകൾ പലതും അപൂർണ്ണമാണ്. രേഖപ്പെടുത്തേണ്ടതായ വിവരങ്ങൾ എഴുതാതെ ശൂന്യമായ മുദ്രപ്പത്രങ്ങൾ പല ഫയലിലുമുണ്ട്. (ഉദാ.- ചിറയമാലിൽപടി - അമ്പാട്ടുപടി റോഡ് മെയിന്റനൻസ്, കോയിക്കേരിൽപടി - ആശാരിചേരിപ്പടി റോഡ് കോൺക്രീറ്റിംഗ്)

8. കൺവീനർ പ്രവൃത്തികളിൽ സൂക്ഷിക്കേണ്ടതായ പല രേഖകളും ഫയലിലില്ല. മിനിറ്റ്സ്, ജോയിന്റ് അക്കൗണ്ടിന്റെ പാസ്സ്ബുക്ക്, വൗച്ചറുകൾ, മസ്റ്റർ റോളുകൾ എന്നിവ പല ഫയലിലും ഇല്ല. (ഉദാ.- ഇഞ്ചക്കാട്ടുപടി - പട്ടമനപടി റോഡ് കോൺക്രീറ്റിംഗ്, 73-ാം നമ്പർ അങ്കണവാടി മെയിന്റനൻസ്)

9. ഗുണഭോക്തൃസമിതി കൂടുന്നതിന് മുൻകൂട്ടി നോട്ടീസ് നൽകുന്നില്ല. മീറ്റിംഗ് കൂടിയ തീയതി പല മിനിറ്റ്സിലും എഗ്രിമെന്റിലും എഴുതിയിട്ടില്ല. (ഉദാ.- ചിറയമാലിൽപടി - അമ്പാട്ടുപടി റോഡ് മെയിന്റനൻസ്, മടയ്ക്കൽ - പടാരത്തിൽ കുളിക്കടവ് നിർമ്മാണം)

10. എം.ബുക്കിലും വർക്ക് ബില്ലിലും മിക്കതിലും മെമ്മോറാണ്ടം ഓഫ് പേയ്മെന്റ് വിവരങ്ങൾ രേഖപ്പെടുത്തുകയോ അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. (ഉദാ.- ചിറയമാലിൽപടി - അമ്പാട്ടുപടി റോഡ് മെയിന്റനൻസ്, ഫ്രണ്ട് ഓഫീസും റിക്കാർഡ് റൂമും നിർമ്മാണം)

11. ടെണ്ടർ സ്വീകരിക്കപ്പെട്ട കരാറുകാരൻ കരാർ തുകയുടെ 10% പെർഫോമൻസ് സെക്യൂരിറ്റി വെയ്ക്കണം എന്ന നിബന്ധന പാലിച്ചതായി രേഖയില്ല. സെക്യൂരിറ്റി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനീയറുടെ ഭാഗത്തുനിന്നും ഗുരുതരമായ കൃത്യവിപോപം ഉണ്ടായിട്ടുള്ളത് എന്ന് മേൽപറഞ്ഞ അപാകതകളിൽ നിന്നും വ്യക്തമാണ്. ആയത് അസി.എക്സി.എഞ്ചിനീയറുടേയും വകുപ്പുതല അധികാരികളുടേയും അടിയന്തിര ശ്രദ്ധയിൽ പെടുത്തുന്നു. അപാകതകൾ പരിഹരിക്കുന്നതിനും അവ വീണ്ടും ആവർത്തിക്കപ്പെടാതിരിക്കുന്നതിനും വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

## 3-12 73-ാം നമ്പർ അങ്കണവാടി മെയിന്റനൻസ്- ഗുണമേന്മയില്ലാത്ത പ്രവൃത്തി

| | |
|---|---|
| *പ്രോജക്ട് നം.* | *18/18* |
| *അടങ്കൽ തുക* | *ധനകാര്യകമ്മീഷൻ ഗ്രാന്റ്-100000/-*<br>*തനത് ഫണ്ട്-100000/-*<br>*ആകെ **200000/-*** |

| | |
|---|---|
| *ചെലവു തുക* | *100000/- (ബിൽ നം.40/21.3.18)*<br>*43110/- (ചെക്ക് നം.7170363/26.4.18)*<br>*ആകെ* ***143110/-*** |
| *കൺവീനർ* | *ശ്രീ.അരുൺകുമാർ റ്റി, മായാഭവൻ* |

7-ാം വാർഡിലെ 73-ാം നമ്പർ അങ്കണവാടിയുടെ മെയിന്റനൻസുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിലും ഭൗതിക പരിശോധനയിലും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രവൃത്തിയുടെ മൂന്നാം ഇനമായി PVC False ceiling 19.92$m^2$ ഭാഗത്ത് ചെയ്തതായി രേഖപ്പെടുത്തി 10024.54രൂപ (@503.24/$m^2$) കൺവീനർക്ക് നൽകിയിട്ടുണ്ട്. കൂടാതെ, സീലിംഗിനാവശ്യമായ അലൂമിനിയം വർക്ക് 19.92$m^2$ ഭാഗത്ത് ചെയ്തതിന് 12708.76രൂപയും (@637.99/kg) നൽകിയിട്ടുണ്ട്. എന്നാൽ സീലിംഗിന്റെ പല ഭാഗങ്ങളും ഇളകി വീണതായി ഭൗതികപരിശോധനയിൽ ബോധ്യപ്പെട്ടു. ഗുണമേന്മയില്ലാത്ത പ്രവൃത്തിയാണ് ചെയ്തിരിക്കുന്നത് എന്ന് വ്യക്തമാണ്. നെടുകെയും കുറുകെയും ആവശ്യമായ അലൂമിനിയം ഫ്രെയിം വർക്ക് ചെയ്യാതെയാണ് പി.വി.സി സീലിംഗ് ഘടിപ്പിച്ചിരുന്നതെന്ന് പരിശോധനയിൽ ബോധ്യമായി. മെഷർമെന്റ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറും ചെക്ക് മെഷർമെന്റ് നടത്തിയ അസി.എക്സി.എഞ്ചിനീയറും കൃത്യമായ പരിശോധന നടത്തിയില്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്. ആയതിനാൽ മേൽപറഞ്ഞ ചെലവ് 22733രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.





പി.വി.സി റൂഫിംഗ് ഇളകിപ്പോയ നിലയിൽ

2. നാലാം ഇനമായി 'Hand rail of 50mm size to steel ladder railing, balcony railing, stair case railing and similar works including primer...' എന്ന പ്രവൃത്തി 6m നീളത്തിൽ (31.914kg @147.92/kg) ചെയ്തതായി രേഖപ്പെടുത്തി 4720.71രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തി ഏതു ഭാഗത്താണ് ചെയ്തിരിക്കുന്നതെന്ന് ഭൗതികപരിശോധനയിൽ കണ്ടെത്താൻ സാധിച്ചില്ല. ഇങ്ങനെയൊരു പ്രവൃത്തി ചെയ്തതായി അംഗൻവാടി ടീച്ചർക്കു പോലും അറിവില്ല എന്ന് ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

3. ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹിക്കപ്പെടുന്ന പ്രവൃത്തികളിൽ പാലിക്കേണ്ടതായ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. നിർമ്മാണ സാമഗ്രികൾ വാങ്ങിയതിന്റെ കാഷ്ബില്ല്, വൗച്ചറുകൾ, മസ്റ്റർ റോൾ, വർക്ക് ഓർഡർ എന്നിവ ഹാജരാക്കാതെയാണ് കൺവീനർക്ക് പ്രതിഫലം നൽകിയത്. എഗ്രിമെന്റുകൾ അപൂർണ്ണവുമാണ്. 31.3.17 തീയതി രേഖപ്പെടുത്തിയ എഗ്രിമെന്റിൽ കരാർ നമ്പർ, കൺവീനറുടെ ഒപ്പ് എന്നിവയില്ല. കൂടാതെ, ഗുണഭോക്തൃ കമ്മറ്റിയുമായുള്ള എഗ്രിമെന്റിൽ അംഗങ്ങളുടെ പേരും ഒപ്പും രേഖപ്പെടുത്തിയിട്ടുമില്ല.

നിരാകരിച്ച 22733രൂപ കഴിച്ചുള്ള 120377രൂപയുടെ ചെലവ് മേൽ പറഞ്ഞ കാരണങ്ങളാൽ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 ഫ്രണ്ട് ഓഫീസും റിക്കോർഡ് റൂമും നവീകരിക്കൽ പ്രവൃത്തി- അധിക തുക പിൻവലിച്ചു

| | |
|---|---|
| *പ്രോജക്റ്റ് നം.* | *9/18 (S.118/17)* |
| *അടങ്കൽ തുക* | *ലോകബാങ്ക് വിഹിതം-390000/-*<br>*തനത് ഫണ്ട്-10000/-*<br>*ആകെ **400000/-*** |
| *ചെലവു തുക* | *രൂ.223209 (ബിൽ നം.8/5.10.17)* |
| *കരാറുകാരൻ* | *ശ്രീ. എസ്.ശ്രീകുമാർ, മാധവമന്ദിരം* |

2017-18വർഷം പ്രവൃത്തിയുടെ പാർട്ട് ബില്ല് തയ്യാറാക്കി കരാറുകാരന് പ്രതിഫലം നൽകിയിട്ടുണ്ട്. എം.ബുക്ക് പ്രകാരം പ്രവൃത്തിമൂല്യം 218219രൂപയാണ്. എന്നാൽ മേൽ ബില്ല് പ്രകാരം 223209രൂപ പിൻവലിച്ചു. നികുതിയിനങ്ങൾ, റീട്ടെൻഷൻ എന്നിവ കുറച്ച് 187496രൂപ കരാറുകാരന് നൽകി. അധികമായി പിൻവലിച്ച 4990രൂപ അസി.എഞ്ചിനീയർ തിരികെ അടയ്ക്കേണ്ടതാണ്.

കൂടാതെ, മെമ്മോറാണ്ടം ഓഫ് പേയ്മെന്റ് വിവരങ്ങൾ അസി.എഞ്ചിനീയർ എം.ബുക്കിലും വർക്ക് ബില്ലിലും എഴുതുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. കരാറുകാരൻ എഗ്രിമെന്റിൽ ഒപ്പു വെച്ചിട്ടുമില്ല.

ബാക്കി പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. കേരള പൊതുമരാമത്ത് മാന്വൽ (ജി.ഓ(പി) 13/2012 /PWD/1.2.12) പ്രകാരം, പൂർത്തീകരണ കാലാവധി നിയമാനുസൃതം ദീർഘിപ്പിച്ചിട്ടില്ല. അപ്രകാരം കാലാവധി ദീർഘിപ്പിക്കാത്തപക്ഷം നിയമാനുസൃതമായ ഫൈൻ ഈടാക്കേണ്ടതാണ്. കരാർ റദ്ദു ചെയ്യുന്നപക്ഷം കരാറുകാരനിൽ നിന്നും അവശേഷിക്കുന്ന പണിയുടെ 30% തുക (Risk&Cost amount) ഈടാക്കേണ്ടതുമാണ്.(സെക്ഷൻ-2116.2.1).

അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-14 <u>അഴകിത്തോട് ബണ്ട് റോഡ് കോൺക്രീറ്റിംഗ്- അധികതുക പിൻവലിച്ചു</u>

| | |
|---|---|
| *പ്രോജക്റ്റ് നം.* | *79/18* |
| *അടങ്കൽ തുക* | *400000/- (മെയിന്റനൻസ് ഗ്രാന്റ്)* |
| *ചെലവു തുക* | *245582/- (ബിൽ നം.45/28.3.18)* |
| *കരാറുകാരൻ* | *ശ്രീ.അനിയൻപിള്ള.എ.എസ്, കൊച്ചുതെക്കേതിൽ* |

പ്രസ്തുത പ്രവൃത്തിയിൽ നാല് പേർ ടെണ്ടർ സമർപ്പിച്ചിരുന്നു. ഇതിൽ കുറവ് തുക ക്വോട്ട് ചെയ്ത (28.8%below) ശ്രീ.അനിയൻപിള്ളയുടെ ടെണ്ടർ സ്വീകരിച്ച് പ്രവൃത്തി നിർവ്വഹിച്ചു. എന്നാൽ ബില്ല് തയ്യാറാക്കിയപ്പോൾ ആകെ മൂല്യത്തുകയായ 343472രൂപയിൽ നിന്നും 98920രൂപ( 28.8%below) കുറവ് ചെയ്ത് 244552രൂപ ട്രഷറിയിൽ നിന്നും പിൻവലിക്കേണ്ടതിനു പകരം 97889.4രൂപ മാത്രം കുറവ് ചെയ്ത് 245582രൂപ പിൻവലിച്ചു. അധികമായി പിൻവലിച്ച 1030രൂപ ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കി തിരികെ ഒടുക്കേണ്ടതാണ്.

## 3-15 മാധവസദനം ചിറയിൽ തുരുത്തിൽ തറയിൽ പടി റോഡ് ടാറിംഗ്- അപാകതകൾ

| | |
|---|---|
| *പ്രോജക്ട് നം.* | *S.11/18(S.122/17)* |
| *അടങ്കൽ തുക* | *ലോകബാങ്ക് വിഹിതം-338535/-*<br>*തനത് ഫണ്ട്-11465/-*<br>*ആകെ* ***350000/-*** |
| *ചെലവ് തുക* | *338535/- (ബിൽ നം.5/16.8.17)*<br>*11465/- (ചെക്ക് നം.4410546/9.10.17)* |
| *കരാറുകാരൻ* | *ശ്രീ.മോൻസൺ ഐസക്, ഭഗവതിക്കുഴി* |

പ്രവൃത്തിയുടെ ഫയൽ പരിശോധനാവേളയിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. പ്രവൃത്തിയുടെ മൂല്യം 348290രൂപയാണ്. എന്നാൽ 350000രൂപ മേൽപറയും പ്രകാരം പിൻവലിച്ചു. അധികമായി പിൻവലിച്ച 1710രൂപ ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

2. പ്രവൃത്തിയ്ക്കായി ഉപയോഗിച്ച ബിറ്റുമിന്റെ അളവ് എം.ബുക്കിൽ രേഖപ്പെടുത്തുകയോ അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ബിറ്റുമിൻ വാങ്ങിയതിന്റെ ബില്ല് കരാറുകാരനിൽ നിന്നും വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. കാലി ബാരലിന്റെ വില ബില്ലിൽ നിന്നും കുറവു ചെയ്തിട്ടുമില്ല. എം.ബുക്കിലെ അപാകത പരിഹരിക്കേണ്ടതും, ബിറ്റുമിന്റെ ബില്ല് ഹാജരാക്കേണ്ടതും, കാലി ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം നഷ്ടമായ തുക അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

3. എം.ബുക്കിൽ മെഷർമെന്റുകൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അസി.എഞ്ചിനീയർ ഒപ്പ് വെച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. മെഷർമെന്റ് തീയതികളും എഴുതിയിട്ടില്ല. എം.ബുക്കിലെ രണ്ടാമത്തെ പേജിലെ അളവുകൾ മാത്രമാണ് അസി.എക്സി.എഞ്ചിനീയർ ചെക്ക് മെഷർ ചെയ്തിരിക്കുന്നത്. അതിൽ പോലും തീയതി രേഖപ്പെടുത്തിയിട്ടില്ല. ആയത് ഗുരുതരമായ അപാകതയാണ്.

4. മെമ്മോറാണ്ടം ഓഫ് പേയ്മെന്റ് എം.ബുക്കിലും വർക്ക് ബില്ലിലും എഴുതുകയോ അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

5. ട്രഷറി ബില്ലിന്റെ പകർപ്പ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

നിരാകരിച്ച തുക ഒഴിച്ചുള്ള 348290രൂപയുടെ ചെലവ് മേൽപറഞ്ഞ കാരണങ്ങളാൽ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

## 3-16 മെഷർമെന്റ്/ചെക്ക് മെഷർമെന്റ് നടത്തി സാക്ഷ്യപ്പെടുത്താതെ പ്രതിഫലം നൽകി

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, ചട്ടം 15 പ്രകാരം, 50000രൂപയിൽ താഴെയുള്ള പ്രവൃത്തികൾക്ക് അസിസ്റ്റന്റ് എഞ്ചിനീയറും അതിന് മുകളിലുള്ള പ്രവൃത്തികൾക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും ചെക്ക് മെഷർമെന്റ് നടത്തേണ്ടതാണ്. മെഷർമെന്റും ചെക്ക് മെഷർമെന്റും നടത്താതെ ബിൽ മാറി പ്രതിഫലം നൽകാൻ പാടില്ല.

എന്നാൽ, പഞ്ചായത്തിന്റെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ എന്ന പ്രവൃത്തിയുടെ (നം.S.148/18) എം.ബുക്കിൽ മെഷർമെന്റ് എഴുതിയിട്ടുണ്ടെങ്കിലും, ഒരു പേജിൽ പോലും അസി.എഞ്ചിനീയർ ഒപ്പു വെച്ചിട്ടില്ല.

അസി.എഞ്ചിനീയർക്കു തന്നെ ഉറപ്പില്ലാത്ത മെഷർമെന്റ് പ്രകാരം തുക മാറി നൽകിയ നടപടി ശരിയല്ല.(ബിൽ നം.41/23.3.18- രൂ.781042) വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ, ഓവർസിയർ മെഷർമെന്റ് രേഖപ്പെടുത്തിയ (50000രൂപയിൽ താഴെയുള്ള) താഴെ പറയുന്ന പ്രവൃത്തികളുടെ എം.ബുക്കുകൾ പരിശോധിച്ചതിൽ, അസി.എഞ്ചിനീയർ ചെക്ക് മെഷർ ചെയ്ത് അളവുകൾ സാക്ഷ്യപ്പെടുത്താതെയാണ് പ്രവൃത്തിയുടെ ബില്ല് മാറി പ്രതിഫലം കൺവീനർക്ക് നൽകിയതെന്ന് ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| *പ്രോജക്ട് നം., പേര്, കൺവീനർ* | *അടങ്കൽ തുക* | *ചെലവ് തുക* | *ബിൽ നം., തീയതി* |
|---|---|---|---|
| SO.17/18-അംഗൻവാടി നം.63 മെയിന്റനൻസ്.<br>(പ്രസന്നകുമാർ) | രൂ.50000 | രൂ.42941 | ബിൽ നം.14/18.1.18 |
| S.96/18-പാട്ടത്തിൽ പടി ചെഞ്ചേരിൽ പടി റോഡ് പുനരുദ്ധാരണം.<br>(സുകുമാരൻ ശേഖരൻ) | രൂ.50000 | രൂ.45832 | ബിൽ നം.16/31.1.18 |
| | ആകെ | രൂ.**88773** | |

ചെക്ക് മെഷർമെന്റ് നടത്താതെ ബില്ല് പാസ്സാക്കി നൽകിയ നടപടിയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിഷയം ഭരണവകുപ്പിന്റെ (ത.സ്വ.ഭ.വ) ശ്രദ്ധയിൽ പെടുത്തുന്നു. പൊതുമരാമത്ത് ചട്ടങ്ങൾക്ക് വിരുദ്ധമായ നടപടികൾക്ക് വകുപ്പുതല നടപടികൾക്ക് ശുപാർശ ചെയ്യുന്നു.

മേൽപറഞ്ഞ ചെലവു തുകകൾ(88773+781042=869815) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-17** പയ്യങ്കേരി പാടശേഖര കനാൽ കോൺക്രീറ്റിംഗ്- പ്രവൃത്തി പൂർത്തീകരിച്ചില്ല

| | |
|---|---|
| *പ്രോജക്ട് നം.* | *S.98/18* |
| *അടങ്കൽ തുക* | *രൂ.691000* |
| *ചെലവ് തുക* | *രൂ.309906 (ബിൽ നം.30/16.3.18)* |
| *കരാറുകാരൻ* | *ശ്രീ.ജോസ്.കെ.ആറുപറയിൽ* |

പ്രസ്തുത പ്രവൃത്തിയുടെ പാർട്ട് ബില്ല് പ്രകാരം 309906രൂപയുടെ പാർട്ട് ബില്ല് തയ്യാറാക്കി നികുതികളും റീട്ടെൻഷൻ തുകയും കുറവ് ചെയ്ത് 272717രൂപ കരാറുകാരന് 2017-18വർഷം നൽകി. എന്നാൽ ബാക്കി പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. കേരള പൊതുമരാമത്ത് മാന്വൽ (ജി.ഒ(പി) 13/2012 /PWD/1.2.12) പ്രകാരം, പൂർത്തീകരണ കാലാവധി നിയമാനുസൃതം ദീർഘിപ്പിച്ചിട്ടില്ല. അപ്രകാരം കാലാവധി ദീർഘിപ്പിക്കാത്തപക്ഷം നിയമാനുസൃതമായ ഫൈൻ ഈടാക്കേണ്ടതാണ്. കരാർ റദ്ദു ചെയ്യുന്നപക്ഷം കരാറുകാരനിൽ നിന്നും അവശേഷിക്കുന്ന പണിയുടെ 30% തുക (Risk&Cost amount) ഈടാക്കേണ്ടതുമാണ്.(സെക്ഷൻ-2116.2.1).

ഒരു ടെണ്ടർ മാത്രമേ ഫയലിലുള്ളൂ. ബാക്കി ടെണ്ടറുകളുടെ വിവരം ഫയലിലോ ടെണ്ടർ രജിസ്റ്ററിലോ ഇല്ല. റീടെണ്ടർ ചെയ്തിട്ടുണ്ടോ എന്നുള്ള വിവരവും ലഭ്യമല്ല. വിശദാംശങ്ങൾ ബന്ധപ്പെട്ട രേഖകൾ സഹിതം ലഭ്യമാക്കേണ്ടതുമാണ്.

## 3-18 ഫയലും എം.ബുക്കും ഹാജരാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായ SO.13/18-ാം നമ്പർ പ്രൊജക്റ്റായ 'കൊച്ചു ചിറപ്പടി കുറുങ്ങാട്ടിൽ പടി റോഡ് ' എന്ന പ്രവൃത്തിയുടെ ഫയലും എം.ബുക്കും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

ഫയലും എം.ബുക്കും ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി(16/5.2.19) നൽകിയെങ്കിലും നാളിതുവരെ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ആയതിനാൽ 487523രൂപയുടെ ചെലവ്(ബിൽ നം.2/20.6.17) തടസ്സപ്പെടുത്തുന്നു. കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ, ചട്ടം 12(1)(2) പ്രകാരം, ഓഡിറ്റർ രേഖാമൂലം ആവശ്യപ്പെടുന്ന രേഖകൾ ഹാജരാക്കാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖകൾ നിലവിലില്ല എന്ന് കരുതാവുന്നതും, ഓഡിറ്റിൽ തുടർ നടപടികൾ സ്വീകരിക്കാവുന്നതുമാണ്. രേഖകൾ ഓഡിറ്റിൽ ഹാജരാക്കി ബോധ്യപ്പെടുത്താത്ത പക്ഷം ചെലവ് നിരാകരിച്ച് ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കാൻ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 3-19 മരാമത്തു പ്രവൃത്തികളുടെ ഫയലിൽ ആവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല; നിർവ്വഹണത്തിൽ വീഴ്ച

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ, ചട്ടം 13-ൽ ഗുണഭോക്തൃസമിതി മുഖേന മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായുള്ള നടപടി ക്രമങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ, 04.03.13-ലെ തദ്ദേശഭരണ വകുപ്പിന്റെ സർക്കുലർ നം.1047/ഡി.എ.1/13/തസ്വഭവ- പ്രകാരം ഗുണഭോക്തൃസമിതികൾ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുമുണ്ട്. എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ 13.03.13-ലെ സർക്കുലർ നം. HD/EE/LSGD/12/13 പ്രകാരം ടി വിഷയം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ അസി.എഞ്ചിനീയർമാർക്കും നൽകുകയും ചെയ്തിരുന്നു. എന്നാൽ പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളും, സർക്കാർ നിർദ്ദേശങ്ങളും പാടെ അവഗണിച്ചാണ് ഗുണഭോക്തൃസമിതികൾ മുഖാന്തിരം ചില മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുള്ളത് എന്ന് ഫയലുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായി.

പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം-13(6) പ്രകാരം പൊതുമരാമത്ത് പണിക്കുപയോഗിക്കുന്ന സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പണി പൂർത്തിയാക്കുന്ന മുറയ്ക്ക് നിർവ്വഹണഉദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതുമാണ്. 13.03.13-ലെ എൽ.എസ്.ജി.ഡി. എക്സി.എഞ്ചിനീയറുടെ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും കാഷ് ബില്ലിൽ അസി.എഞ്ചിനീയർ നിർബന്ധമായും ക്വാളിറ്റി സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസി.എക്സി.എഞ്ചിനീയർ മേലൊപ്പിടേണ്ടതും നിർബന്ധമാണ്. മസ്റ്റർ റോൾ കൺവീനർ ഒപ്പിടേണ്ടതും, അസി.എഞ്ചിനീയറും അസി.എക്സി.എഞ്ചിനീയറും മേലൊപ്പിടേണ്ടതുമാണ്. എല്ലാ കാഷ് ബില്ലിലും കൺവീനർ 'Paid by me' എന്ന് എഴുതി ഒപ്പിടേണ്ടതാണ്. അല്ലാതെ സമർപ്പിക്കുന്ന ബില്ലുകളുടെ ഉത്തരവാദിത്വം അസി.എഞ്ചിനീയർ, അസി.എക്സി.എഞ്ചിനീയർ എന്നിവർക്കായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടി വ്യവസ്ഥകൾ ഒന്നും താഴെ പറയുന്ന കൺവീനർ പ്രവൃത്തികളുടെ കാര്യത്തിൽ പാലിച്ചിട്ടില്ല. കൺവീനർമാർ ചെലവ് കണക്കുകളും, മസ്റ്റർ റോളും, ക്യാഷ് ബില്ലുകളും ഹാജരാക്കിയിട്ടില്ല.

നിർമ്മാണസാമഗ്രികൾ വാങ്ങിയതിന്റെ കാഷ് ബില്ലുകൾ, സംയുക്ത അക്കൗണ്ടിന്റെ പാസ് ബുക്ക്, ഗുണഭോക്തൃസമിതി യോഗം ചേർന്നതായുള്ള രേഖകൾ മുതലായവ മിക്ക ഫയലുകളിലും ഉൾപ്പെടുത്തിയിട്ടില്ല. വരവു-ചെലവു കണക്കുകൾ ഗുണഭോക്തൃകമ്മറ്റി യോഗത്തിൽ അവതരിപ്പിച്ച് പാസ്സാക്കുകയും ചെയ്തിട്ടില്ല എന്ന് ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ഇവയെല്ലാം തന്നെ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുമുള്ള ഗുരുതരമായ വീഴ്ചയാണ്.

പ്രവൃത്തികളുടെയും അപാകതകളുടേയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| *ക്രമ നം.* | *പ്രവൃത്തി, കൺവീനർ* | *തുക* | *എം.ബുക്ക്, ബിൽ നം., തീയതി* | *അപാകത* |
|---|---|---|---|---|
| 1 | SO.8/18-മടയ്ക്കൽ പടാരത്തിൽ കുളിക്കടവ് നിർമ്മാണം<br>(കൺവീനർ– മിനു പൗലോസ്) | 109761/- | 243/16-17<br>ബിൽ നം. 10/16.1.18 | ഗുണഭോക്തൃസമിതി യോഗം ചേർന്നതിന്റെ രേഖകൾ, നിർമ്മാണ സാമഗ്രികൾ വാങ്ങിയതിന്റെ കാഷ്ബില്ല്, വൗച്ചറുകൾ, മസ്റ്റർ റോൾ, വർക്ക് ഓർഡർ, ട്രഷറി ബില്ലിന്റെ പകർപ്പ് എന്നിവയില്ല. |
| 2 | SO.6/18-ശ്രീവല്ലഭ സദനം- ലക്ഷ്മി സദനം റോഡ് മെയിന്റനൻസ്<br>(ഇന്ദു.ജി.നായർ) | 114295/- | 236/16-17<br>ബിൽ നം. 7/27.9.17 | നിർമ്മാണ സാമഗ്രികൾ വാങ്ങിയതിന്റെ കാഷ്ബില്ല്, വൗച്ചറുകൾ, മസ്റ്റർ റോൾ, വർക്ക് ഓർഡർ എന്നിവയില്ല. എഗ്രിമെന്റുകൾ അപൂർണ്ണവുമാണ്. എഗ്രിമെന്റിൽ നമ്പരും തീയതിയും എഴുതിയിട്ടില്ല. ഗുണഭോക്തൃസമിതി കൂടിയ തീയതി മിനിറ്റ്സിൽ 19.12.16എന്നും വർക്ക് ബില്ലിൽ 21.10.16എന്നുമാണ് എഴുതിയിരിക്കുന്നത്. |

| | | | | |
|---|---|---|---|---|
| 3 | SO.14/18- ചിറയമാലിൽ പടി അമ്പാട്ട് പടി റോഡ് മെയിന്റനൻസ് (രഘു അമ്പാട്ട്പറമ്പ്) | 114768/- | 29/16-17 ബിൽ നം. 1/19.6.17 | നിർമ്മാണ സാമഗ്രികൾ വാങ്ങിയതിന്റെ കാഷ്ബില്ല്, വൗച്ചറുകൾ, മസ്റ്റർ റോൾ, വർക്ക് ഓർഡർ എന്നിവയില്ല. എഗ്രിമെന്റുകൾ അപൂർണ്ണ- വുമാണ്. എഗ്രിമെന്റിൽ നമ്പരും തീയതിയും എഴുതിയിട്ടില്ല. അംഗങ്ങളുടെ പേരും ഒപ്പുമില്ല. സമിതി കൂടിയ തീയതി മിനിറ്റ്സിൽ എഴുതിയിട്ടില്ല. |
| 4 | S.15/18-ഇഞ്ചക്കാട്ടു പടി പട്ടമനപ്പടി റോഡ് കോൺക്രീറ്റിംഗ് (ആർ.കൃഷ്ണകുമാർ) | 474870/- | 28/16-17 ബിൽ നം. 3/20.6.17 | നിർമ്മാണ സാമഗ്രികൾ വാങ്ങിയതിന്റെ കാഷ്ബില്ല്, വൗച്ചറുകൾ, മസ്റ്റർ റോൾ, വർക്ക് ഓർഡർ എന്നിവയില്ല. എഗ്രിമെന്റുകൾ അപൂർണ്ണവുമാണ്. എഗ്രിമെന്റിൽ അംഗങ്ങളുടെ പേരും ഒപ്പുമില്ല. |
| 5 | SO.5/18-ഐ.പി.സി കമ്പഴമാലി കടവ് കുളിക്കടവ് മെയിന്റനൻസ് (കെ.കെ.ദിവാകരൻ) | 108931/- | 248/16-17 ബിൽ നം. 13/31.1.18 | മസ്റ്റർ റോളിൽ ഏതാനും ആളുകളുടെ പേരും ഹാജരും മാത്രം കാണിച്ചിരിക്കുന്നു. സിമന്റ് വാങ്ങിയതിന്റെ കാഷ്ബില്ലില്ല. എഗ്രിമെന്റ് അപൂർണ്ണം. സമിതി അംഗങ്ങളുടെ പേരുകളും ഒപ്പുമില്ല. |
| 6 | S.16/18- കോയിക്കേരിൽ പടി ആശാരി ചേരിപ്പടി റോഡ് | 198793/- | 214/16-17 ബിൽ നം. | 59903രൂപയുടെ സിമന്റ് വാങ്ങിയതിന്റെ കാഷ്ബില്ല് മാത്രമേയുള്ളൂ. മറ്റ് വൗച്ചറുകൾ, മസ്റ്റർ റോൾ, വർക്ക് ഓർഡർ എന്നിവയില്ല. |

| | | | | |
|---|---|---|---|---|
| | കോൺക്രീറ്റിംഗ്<br>(സിനു ഫിലിപ്പ്) | | 4/19.7.17 | എഗ്രിമെന്റ് അപൂർണ്ണമാണ്. നമ്പരും തീയതിയും എഴുതിയിട്ടില്ല. |
| 7 | SO.17/18-അംഗൻവാടി നം.63 മെയിന്റനൻസ്<br>(പ്രസന്നകുമാർ) | 42941/- | 245/16-17<br>ബിൽ നം. 14/18.1.18 | 13400രൂപയുടെ മസ്റ്റർറോൾ, 7570രൂപയുടെ കാഷ്ബില്ല് എന്നിവ ഒഴികെ മറ്റ് നിർമ്മാണ സാമഗ്രികൾ വാങ്ങിയതിന്റെ കാഷ്ബില്ല്, വൗച്ചറുകൾ, വർക്ക് ഓർഡർ എന്നിവയില്ല. എഗ്രിമെന്റ് അപൂർണ്ണമാണ്. സമിതി യോഗം ചേർന്ന തീയതി, സമിതിയംഗങ്ങളുടെ പേരും ഒപ്പും, അസിസ്റ്റന്റ് എഞ്ചി- നീയറുടെ ഒപ്പ് എന്നിവയില്ല. |
| 8 | SO.4/18-കാവിൽപടി ചാത്തങ്കേരി പടി റോഡ് മെയിന്റനൻസ്<br>(ആശ സുരേഷ്) | 242779/- | 117/16-17<br>ബിൽ നം. 9/31.10.17 | ഗുണഭോക്തൃസമിതി യോഗം ചേർന്നതിന്റെ മിനിറ്റ്സില്ല. എഗ്രിമെന്റുകൾ അപൂർണ്ണം. സമിതി കൂടിയ തീയതി, കരാർ നമ്പരും തീയതിയും എന്നിവ രേഖപ്പെടുത്തിയിട്ടില്ല. |
| | ആകെ തടസ്സപ്പെടുത്തിയ തുക | **1405338** | | |

കൃത്യമായ രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച മേൽപറഞ്ഞ തുകകൾ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു. കൃത്യവും ആധികാരികവുമായ സാക്ഷ്യപ്പെടുത്തിയ രേഖകൾ ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-20 മരാമത്ത് പ്രവൃത്തികൾ ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എൽ.എസ്.ജി.ഡി വിഭാഗം മുഖേന നിർവ്വഹിക്കുന്ന മരാമത്ത് പ്രവൃത്തികൾ ഒരു ഘട്ടത്തിൽ പോലും ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല എന്നത് പ്രവൃത്തിയുടെ നിർവ്വഹണത്തിലെ ഗുരുതരമായ ഒരു പോരായ്മയാണ്. കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ - 2103 പ്രകാരം ഓരോ പ്രവൃത്തിയും കൃത്യമായ സ്പെസിഫിക്കേഷൻ അനുസരിച്ചാണോ നിർവ്വഹിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിന് ഫലപ്രദമായ സൂപ്പർവിഷൻ നിർബന്ധമാക്കേണ്ടതും, പ്രവൃത്തിയുടെ ഗുണനിലവാരം പരിശോധനാ വിധേയമാക്കേണ്ടതുമാണ്. ഗുണ പരിശോധനാ ടെസ്റ്റുകളുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കി ടെണ്ടർ രേഖകളോടൊപ്പം ഉൾപ്പെടുത്തേണ്ടതും, ടെസ്റ്റ് റിപ്പോർട്ടുകൾ ഫൈനൽ ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതുമാണെന്ന് മാന്വലിൽ നിഷ്കർഷിച്ചിരിക്കുന്നു. മാന്വലിലെ ക്ലോസ് - 2401. 2406 എന്നിവ പ്രകാരം 3–Tier Quality Monitoring System സർക്കാർ പൊതുമരാമത്ത് വകുപ്പിൽ നിർബന്ധമാക്കിയിട്ടുണ്ട്. GO(Rt) 469/2013/PWD/ തീയതി 30-03-2013-ാം നമ്പർ ഉത്തരവ് പ്രകാരം പി.ഡബ്ല്യൂ.ഡി.യിൽ ക്വാളിറ്റി കൺട്രോൾ സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. എൽ.എസ്.ജി.ഡി മുഖേനയുള്ള പ്രവൃത്തികൾക്കും ക്വാളിറ്റി കൺട്രോൾ ടെസ്റ്റ് നടത്തേണ്ടതാണെന്ന് സർക്കാരിന്റെ നിർദ്ദേശം ഉണ്ടായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെയും മാന്വലിന്റെയും അടിസ്ഥാനത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനാവശ്യമായ ലാബ് ടെസ്റ്റുകൾ മറ്റ് പരിശോധനകൾ എന്നിവയ്ക്കാവശ്യമായ ചെലവുകൾ കരാറുകാർ തന്നെ വഹിക്കേണ്ടതാണെന്ന് ഇ-പ്രോക്വയർമെന്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇക്കാര്യം കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടില്ല. തൻ വർഷം നടപ്പാക്കിയ ഒരു പ്രവൃത്തിയുടെ ഫയലിലിലും പരിശോധന നടത്തിയതിന്റെ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വകുപ്പിൽ ഗുണനിലവാര പരിശോധനയ്ക്ക് പ്രത്യേകം ലാബ് സൗകര്യങ്ങളും ഉപകരണങ്ങളും പ്രവർത്തന സജ്ജമായിട്ടും എൽ.എസ്.ജി.ഡി വിഭാഗം ഈ വിഷയത്തിൽ യാതൊരു ശ്രദ്ധയും കാണിച്ചില്ല. പരിശോധനയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ ജില്ലാ പഞ്ചായത്തിൽ വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിലും പ്രവർത്തന സജ്ജമാക്കിയിട്ടില്ലെന്നുള്ള കാര്യം ശ്രദ്ധേയമാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിന്മേൽ ചർച്ച നടത്തി വേണ്ട നിർദ്ദേശങ്ങൾ ഭരണ സമിതിക്ക് മുമ്പാകെ സമർപ്പിച്ചിട്ടില്ലാത്തത് മേൽനോട്ട ചുമതലയിലെ വീഴ്ചയാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. MORTH, MORD മുതലായ സ്പെസിഫിക്കേഷനുകൾ പ്രകാരമുള്ള ഉയർന്ന നിരക്കുകൾ മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുമ്പോൾ സ്പെസിഫിക്കേഷൻ പ്രകാരം പ്രവൃത്തികൾ നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത് അനിവാര്യമാണ്. സ്പെസിഫിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളതു പ്രകാരമുള്ള നിർമ്മാണ സാമഗ്രികൾ ജില്ലയിൽ ലഭ്യമല്ലാത്ത സാഹചര്യത്തിലും (പ്രത്യേകിച്ചും നിശ്ചിത അനുപാതത്തിലും അളവിലുമുള്ള മെറ്റൽ) ഇത്തരം സാധനങ്ങൾ ഉപയോഗിച്ചുവെന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി ഉയർന്ന നിരക്കിൽ പ്രതിഫലം കൈപ്പറ്റുന്നതായി വ്യക്തമാണ്. പൊതുപണം ദുർവ്യയം ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ഗുണ നിലവാര പരിശോധന കർശനമായി നടത്തേണ്ടതുണ്ട്. തദ്ദേശ സ്ഥാപനത്തിലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ഈ വിഷയത്തിൽ തുടർനടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-21 ആശ്രയ പദ്ധതിയ്ക്കുള്ള വികസന ഫണ്ട് ആശ്രയ ഫണ്ടിൽ നിക്ഷേപിക്കുന്നില്ല

സെക്രട്ടറി നിർവ്വഹിച്ച ആശ്രയ (36/18) പദ്ധതി പ്രകാരം 50000/- രൂപ (വികസന ഫണ്ട്) കുടുംബശ്രീ സി.ഡി.എസിന്റെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ 57010969946 എന്ന അക്കൗണ്ടിൽ 31.3.18-ന് നിക്ഷേപിച്ചിട്ടുണ്ട്. (ട്രഷറി ബിൽ നമ്പർ 36/17-18/31.3.18). പ്രസ്തുത തുക പഞ്ചായത്തിന്റെ ആശ്രയ എന്ന പദ്ധതിയ്ക്ക് വേണ്ടി ചെലവഴിക്കേണ്ടതാണ്, എന്നാൽ നാളിതുവരെയും ഈ തുക ആശ്രയുടെ അക്കൗണ്ടിൽ (നെടുമ്പ്രം സർവ്വീസ് സഹകരണ ബാങ്ക് , അക്കൗണ്ട് നമ്പർ 2855) നിക്ഷേപിച്ചിട്ടില്ല. മുൻ വർഷങ്ങളിലേയും വികസന ഫണ്ട് 840000/- രൂപ (2015-16-790000/-, 2016-17- 50000/-) 12.7.17-ലാണ് ആശ്രയ അക്കൗണ്ടിൽ നിക്ഷേപിച്ചത്. ഇപ്രകാരം യഥാസമയം തുക നിക്ഷേപിക്കാത്തത് ആശ്രയ ഫണ്ടിന് പലിശ നഷ്ടം ഉണ്ടാകുന്നു. വികസന ഫണ്ട് ഇനത്തിൽ ലഭിച്ച തുക യഥാസമയം ആശ്രയ ഫണ്ടിൽ ഒടുക്കാത്തതിന്റെ കാരണം ബോദ്ധ്യപ്പെടുത്തേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല. വികസന ഫണ്ട് യഥാസമയം ആശ്രയ ഫണ്ടിൽ ഒടുക്കാത്തത് മൂലം ഉണ്ടായ പലിശ നഷ്ടം കണക്കാക്കി ഫണ്ടിൽ

ഒടുക്ക് വരുത്തേണ്ടതാണ്. കൂടാതെ, 2017-18 വർഷത്തെ വികസന ഫണ്ട് തുകയും അടിയന്തിരമായി ആശ്രയ ഫണ്ടിൽ ഒടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-22 ആശ്രയ പദ്ധതി - അവലോകനം

ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ട പദ്ധതി 2017-18 വർഷമാണ് നടപ്പിലാക്കി തുടങ്ങിയത്. രണ്ടാം ഘട്ടത്തിന് വികസന ഫണ്ടിനത്തിൽ 3501142രൂപ, ചലഞ്ച് ഫണ്ടിനത്തിൽ 1419171രൂപ, തനത് ഫണ്ട് വിഹിതമിനത്തിൽ 71858രൂപ, സംഭാവന ഇത്തിൽ 50000രൂപയുൾപ്പെടെ ആകെ 5492171രൂപയുടെ പദ്ധതിയ്ക്കാണ് അംഗീകാരം ലഭിച്ചത്.(സ.ഉ(സാധാ) 4/14/തസ്വഭവ തീയതി 1.1.2014) ആശ്രയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ചെയ്യേണ്ട പ്രവൃത്തികളും അവയുടെ ചെലവും ചുവടെ പറയും പ്രകാരമാണ്.

| *ഇനം* | *ഗുണഭോക്താക്കളുടെ എണ്ണം* | *വകയിരുത്തിയ തുക* | *ചെലവ്* |
|---|---|---|---|
| ഭക്ഷണം | 261 | 979200/- | 273000/- |
| ചികിത്സ | 72 | 216000/- | --- |
| വിദ്യാഭ്യാസ സഹായം | 60 | 180000/- | 26500/- |
| ഭവന നിർമ്മാണം | 12 | 2400000/- | 150000/- |
| ഭവന പുനരുദ്ധാരണം | 37 | 770000/- | 75000/- |
| ഭൂമി | 5 | 750000/- | --- |
| കക്കൂസ് നിർമ്മാണം | 24 | 72000/- | --- |
| കുടിവെള്ളം | 27 | 81000/- | --- |
| പദ്ധതി രൂപീകരണം | | 15000/- | 15000/- |
| നിർവ്വഹണം/ മോണിട്ടറിംഗ് | | 15000/- | --- |
| മിച്ച ഫണ്ട് | | 13971/- | --- |
| | | **5492171** | **539500/-** |

ഓഡിറ്റ് വർഷം ഭക്ഷണ കിറ്റ് വിതരണത്തിന് 273000രൂപയും, വീട് പുനരുദ്ധാരണത്തിന് 75000രൂപയും, ഭവന നിർമ്മാണത്തിന് 150000രൂപയും, പഠനോപകരണത്തിന് 26500 രൂപയുമാണ് ചെലവ് നടന്നിട്ടുള്ളത്. ആശ്രയ പദ്ധതിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുവാൻ ഭരണസമിതിയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 3-23 പ്രളയത്തിൽ നഷ്ടമായ രേഖകൾ

2018ഓഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ താഴെ പറയുന്ന രേഖകൾ നഷ്ടപ്പെട്ടതായി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ രേഖാമൂലം ഓഡിറ്റിൽ അറിയിച്ചിട്ടുണ്ട്. ആയതിനാൽ താഴെ പറയുന്ന രേഖകൾ ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

എ) കൃഷി ഓഫീസർ

1. സ്റ്റോക്ക് രജിസ്റ്റർ

2. കാഷ് ബുക്ക്

3. അക്വിറ്റൻസ് രജിസ്റ്റർ

4. വിവിധ സ്കീമുകളുടെ വിതരണരജിസ്റ്റർ

5. അപേക്ഷകൾ

6. വൗച്ചറുകൾ

ബി) മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

1. പാലിയേറ്റീവ് കെയറിന്റെ ഹോംകെയർ റിപ്പോർട്ട് രജിസ്റ്റർ, ഓ.പി.രജിസ്റ്റർ, ഇന്റന്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ.

2. മഴക്കാല പൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട ചെലവുകളുടെ വൗച്ചറുകൾ.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| *വിഹിതം നൽകിയ സ്ഥാപനം* | *തുക ലഭിച്ച തീയതി* | *ലഭിച്ച തുക* | *പ്രൊജക്ടിന്റെ പേര്* | *ചെലവ്* | *ബാലൻസ്* | *നിലവിലെ അവസ്ഥ* |
|---|---|---|---|---|---|---|
| പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് | 31.3.18 | 73400 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 65000 | 8400 | പ്രൊജക്ട് തുടരുന്നു. ബാക്കി തുക കൂടി ചെലവഴിക്കേണ്ടതാണ്. |
| പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് | 31.3.18 | 100000 | പാലിന് സബ് സിഡി | 100000 | 0 | പദ്ധതി പൂർത്തീകരിച്ചു |
| പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് | 31.3.18 | 258901 | പാടശേഖരത്തിന് പെട്ടിയും പറയും | 0 | 258901 | പ്രൊജക്ട് നടപ്പാക്കിയില്ല. തുക വിനിയോഗക്കേണ്ട-താണ്. |
| ജില്ലാ പഞ്ചായത്ത് | 31.3.18 | 500000 | പാലിയേറ്റീവ് കെയർ | 500000 | 0 | പദ്ധതി പൂർത്തീകരിച്ചു |

| | | | | | | |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 31.3.18 | 725000 | നെൽകൃഷി വികസനം | 725000 | 0 | പദ്ധതി പൂർത്തീകരിച്ചു |
| ജില്ലാ പഞ്ചായത്ത് | 31.3.18 | 500000 | പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് | 0 | 500000 | പ്രൊജക്ട് നടപ്പാക്കിയില്ല. തുക വിനിയോഗിക്കേണ്ടതാണ്. |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| *പ്രോജക്ട്* | *നിക്ഷേപിച്ച സ്ഥാപനം* | *തുക* | *വൗച്ചർ നമ്പർ, തീയതി* | *പൂർത്തീകരണ വിവരങ്ങൾ* |
|---|---|---|---|---|
| S.38/18-വിവിധ വാർഡുകളിൽ ലൈൻ നീട്ടൽ | കെ.എസ്.ഇ.ബി | 400000 | 21700839/ 21.3.18 | പൂർത്തീകരിച്ചില്ല |

പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| *ഫിക്സഡ് ഡിപ്പോസിറ്റ് നമ്പർ* | *നിക്ഷേപിച്ച തുക* | *നിക്ഷേപിച്ച സ്ഥാപനം* |
|---|---|---|
| FDR.424/12.3.16 | 567402 | നെടുമ്പ്രം സർവീസ് സഹകരണ ബാങ്ക് |
| FDR.423/12.3.16 | 378264 | നെടുമ്പ്രം സർവ്വീസ് സഹകരണ ബാങ്ക് |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ, റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 38918350 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 35572814 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 81863/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3631343/- |

**(ബി)** ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| *ഖണ്ഡിക നമ്പർ* | *നഷ്ടമായ തുക* | | *ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും* |
|---|---|---|---|
| | *ചാർജ്ജ് ചെയ്യാവുന്നവ* | *സർചാർജ്ജ് ചെയ്യാവുന്നവ* | |
| 3-6 | | 51400/- | 16700/- ഡോ. ജെഫി സി ജേക്കബ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| | | | 34700/- ഡോ. ബെറ്റ് വി എസ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-12 | | 22733/- | ശ്രീമതി പ്രമീള പി പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-13 | | 4990/- | ശ്രീമതി പ്രമീള പി പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-14 | | 1030/- | ശ്രീമതി പ്രമീള പി പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-15 | | 1710/- | ശ്രീമതി പ്രമീള പി പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | - | **81863/-** | |

**(സി)** ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 400000/- | ശ്രീ. സജീവ് ലാൽ എസ്, സെക്രട്ടറി |
| 3-12 | 120377/- | ശ്രീമതി പ്രമീള പി പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-15 | 348290/- | ശ്രീമതി പ്രമീള പി പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-16 | 869815/- | ശ്രീമതി പ്രമീള പി പി, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | |
|---|---|---|
| | | |
| 3-18 | 487523/- | ശ്രീമതി പ്രമീള പി പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-19 | 1405338/- | ശ്രീമതി പ്രമീള പി പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | **3631343/-** | |

**(ഡി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക |
|---|---|
| ഇല്ല | |

**(ഇ)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(എഫ്)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| *പേര്, ഉദ്യോഗപ്പേര്* | *സ്ഥിരവിലാസം* | *ഓഡിറ്റ് വേളയിലെ വിലാസം* |
|---|---|---|
| ശ്രീമതി പ്രമീള.പി.പി,<br>അസി.എഞ്ചിനീയർ | കൊച്ചുപറമ്പ് ഹൗസ്,<br>മിത്രക്കരി.പി.ഓ, ആലപ്പുഴ | അസി.എഞ്ചിനീയർ,<br>തിരുവല്ലാ നഗരസഭ |
| ഡോ.ജെഫി.സി.ജേക്കബ്,<br>മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി) | ചക്കിട്ടയിൽ ഹൗസ്,<br>മേൽപ്പാടം.പി.ഓ,<br>മാന്നാർ | മെഡിക്കൽ ഓഫീസർ,<br>താലൂക്ക് ആശുപത്രി,<br>തിരുവല്ല. |
| ഡോ.ബെറ്റി.വി.എസ്,<br>മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി) | ബെറ്റി കോട്ടേജ്,<br>റ്റി.സി.80/786,<br>പുന്നമൂട് പുരയിടം, വെട്ടുകാട്,<br>തിരുവനന്തപുരം-695021 | മെഡിക്കൽ ഓഫീസർ,<br>നെടുമ്പ്രം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| *ഓഡിറ്റ് വർഷം* | *ഓഡിറ്റ് റിപ്പോർട്ട് നം., തീയതി* | *തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ* |
|---|---|---|
| 1997-98 | എൽ.എഫ്.പി.റ്റി.എ/പി3-514/00 തീയതി:11.12.00 | 9 |
| 1998-99 | എൽ.എഫ്.പി.റ്റി.എ/പി3-38/02 തീയതി:13.05.02 | 5 |

| | | |
|---|---|---|
| 1999-00 | എൽ.എഫ്.പി.റ്റി.എ/പി4-705/03 തീയതി:02.06.04 | 6 |
| 2000-01 (ജ.ആ) | എൽ.എഫ്.പി.റ്റി.എ/പി4-486/03 തീയതി:13.10.03 | 6 |
| 2001-02 | എൽ.എഫ്.പി.റ്റി.എ/പി4-487/03 തീയതി:13.10.03 | 1 |
| 2002-03 | എൽ.എഫ്.പി.റ്റി.എ/പി4-21/05 തീയതി:25.07.05 | 1 |
| 2003-04 | എൽ.എഫ്.പി.റ്റി.എ/പി4/361/05 തീയതി:10.02.06/30.03.06 | 31 |
| 2004-05 | എൽ.എഫ്.പി.റ്റി.എ/പി5-484/07തീയതി:21.02.08 /29.03.08 | 7 |
| 2005-06 | എൽ.എഫ്.പി.റ്റി.എ/പി6-254/11 തീയതി:04.10.11/09.02.12 | 1 |
| 2006-07 | എൽ.എഫ്.പി.റ്റി.എ/പി6-255/11 തീയതി:04.10.11/01.09.12 | 10 |
| 2007-08 മുതൽ 10-11 വരെ | എൽ.എഫ്.പി.റ്റി.എ/പി-11-992/12 തീയതി:01.01.12/04.07.13 | 15 |
| 2014-15 | നം.കെ.എസ്.എ.പി.റ്റി.എ.പി.4/732/2016 തീയതി 16.07.2016 | 5 |
| 2015-16 | നം.കെ.എസ്.എ.പി.റ്റി.എ.പി.4/1449/16 തീയതി 10.01.2017 | 22 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി4/905/17 തീയതി 16.08.17 | 28 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

## 4-11 അനുബന്ധം

**അനുബന്ധം-1**

നം.കെ.എസ്.എ.പി.റ്റി.എ.പി4-128/2019 തീയതി 2.3.19

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ **2017-18** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-12-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പത്തനംതിട്ട

No.KSA.PTA.P4-128/2019 Date:2.3.19

**CERTIFICATE**

Certified that I have examined the Annual Financial Statement of Nedumpram Grama Panchayat in Pathanamthitta district for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made thereunder and the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Nedumpram Grama Panchayat for the year 2017-18 except the observations in para 1-12 of my report properly presents the picture of income and expenditure.

Habeeb Mohammed
Deputy Director (HG)
Kerala State Audit Department
Pathanamthitta